# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./റ്റി.വി.എം./ബിപി/1823/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 26/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസി.ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസനവകുപ്പ്, തിരുവനന്തപുരം
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ./റ്റി.വി.എം./ബിപി/1823/23 തീയ്യതി: 26/12/2023

## തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഹരികുമാർ .ജി | ജോയിന്റ് ഡയറക്ടർ | 06-12-2023 | 14-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-12-2023 | 14-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിന്ദു .ഒ, ഓഡിറ്റ് ഓഫീസർ

ശ്രീമതി ശ്രീദേവി എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി പ്രീതാജാസ്മിൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. എസ്.കെ ശ്രീജിത്ത്, സീനിയർ ഗ്രേഡ് ഓഡിറ്റർ (PEN 419889)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഹരിപ്രസാദ് .റ്റി.ആർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ഷൈനി .ജി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രാധാമണി കെ എൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ. സുനിൽ .എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 06-09-2022 |
| ശ്രീ. ദിനജ് .എം.എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 07-09-2022 | 31-03-2023 |
| ശ്രീമതി ഷാനിബ .എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അച്ചാമ്മ | മെഡിക്കൽ ഓഫീസർ, CHC, പുത്തൻതോപ്പ് | 01-04-2022 | 31-03-2023 |
| ഡോ. രമ | മെഡിക്കൽ ഓഫീസർ, CHC, അണ്ടൂർക്കോണം | 01-04-2022 | 31-05-2022 |
| ഡോ. എലിസബത്ത് ചീരൻ .പി | മെഡിക്കൽ ഓഫീസർ, CHC, അണ്ടൂർക്കോണം | 01-06-2022 | 31-03-2023 |
| ശ്രീമതി റീജ .എസ്. ധരൻ | എ.ഡി.എ. | 01-04-2022 | 31-03-2023 |
| ശ്രീ.മധുരഞ്ജൻ | എസ്.സി.ഡി.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി സരസ്വതി .കെ | സി.ഡി.പി.ഒ. | 01-04-2022 | 31-05-2022 |
| ശ്രീമതി അർച്ചന .എ.ആർ | സി.ഡി.പി.ഒ. | 01-06-2022 | 13-12-2022 |
| വേക്കന്റ് കാലയളവ് | സി.ഡി.പി.ഒ. | 14-12-2022 | 18-12-2022 |
| ശ്രീമതി ജയശ്രീ .എ | സി.ഡി.പി.ഒ. | 19-12-2022 | 31-03-2023 |
| ശ്രീമതി നദീറ ബീഗം | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-07-2022 |
| വേക്കന്റ് കാലയളവ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-08-2022 | 07-08-2022 |
| ശ്രീ. ഷിജു .ബി.എസ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 08-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല | 1-1-3 |
| 5 | കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-5 |
| 7 | ബാങ്ക് അക്കൗണ്ടുകളുടെ വിവരം അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | നീക്കിയിരിപ്പില്ലാത്ത ബാങ്ക് അക്കൗണ്ടിൽ നിന്നും ചെലവ് ചെയ്തിരിക്കുന്നു | 1-1-7 |
| 9 | ലഭിക്കുന്ന ചെക്കിന് രസീത് നൽകുന്നില്ല | 1-1-8 |
| 10 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ബാങ്ക് നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല | 1-1-10 |
| 12 | ജേണൽ വൗച്ചറെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-11 |
| 13 | ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-12 |
| 14 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | അടച്ച് തീർത്ത ലോൺ തുക ബാധ്യതയായി നിലനിർത്തിയിരിക്കുന്നു | 1-1-14 |
| 16 | ചെലവ് തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തു | 1-1-15 |
| 17 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-16 |
| 18 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക “Capital Contribution” ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-17 |
| 19 | ഡെപ്പോസിറ്റ് തുക ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല | 1-1-18 |
| 20 | MGNREGS വരവ് ചെലവ് കണക്കുകൾ | 1-1-19 |
| 21 | അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | ബജറ്റ് അപാകങ്ങൾ | 1-2-1 |
| 24 | സാമ്പത്തിക വിശകലനം | 1-3 |
| 25 | ഗ്രാന്റ് വിനിയോഗം | 1-4 |
| 26 | പദ്ധതി അവലോകനം | 1-5 |
| 27 | ക്ഷേമപദ്ധതികൾ | 1-6 |
| 28 | ക്യാഷ് ബാലൻസ് | 1-7 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 30 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 31 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 32 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-11 |
| 33 | ഉപയോഗശൂന്യമായ സാധനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-12 |
| 34 | ലേലം - ഫയൽ, രജിസ്റ്റർ എന്നിവയിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്നില്ല | 1-13 |
| 35 | വാടക സംബന്ധിച്ച അപാകതകൾ | 1-14 |
| 36 | ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല | 1-15 |
| 37 | ബാങ്ക്ബുക്കിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല | 1-16 |
| 38 | അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-17 |

| | | |
|---|---|---|
| 39 | കുടിവെള്ള പ്രോജക്ട് - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ നിലനിൽക്കുന്നു | 1-18 |
| 40 | പദ്ധതി മാർഗ്ഗനിർദ്ദേശം പ്രകാരമുള്ള പ്രോജക്ട് രൂപീകരണ നിയന്ത്രണം പാലിച്ചിട്ടില്ല | 1-19 |
| 41 | പഞ്ചായത്തുകൾക്ക് ബ്ളോക്ക് വിഹിതം നൽകൽ പ്രോജക്ടുകൾ – വിനിയോഗസാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്നു | 1-20 |
| 42 | വജ്രജൂബിലി ഫെല്ലോഷിപ്പ് - കലാകാരന്മാർക്ക് ധനസഹായം - ചെലവ് രേഖ ലഭ്യമല്ല – 90,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു | 1-21 |
| 43 | പിഎംഎവൈ ഭവന പദ്ധതി - വീട് പൂർത്തിയാക്കാനവശേഷിക്കുന്നു - തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-22 |
| 44 | IEO ഓഫീസ് അടിസ്ഥാന സൗകര്യ വികസനം - കംപ്യൂട്ടറിന് അധിക തുക അടവാക്കി | 1-23 |
| 45 | സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-24 |
| 46 | ടേക്ക് എ ബ്രേക്ക് ടോയ്ലറ്റ് കോംപ്ലക്സ് -പ്രവർത്തനം ആരംഭിച്ചില്ല | 1-25 |
| 47 | അസി. എക്സി. എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ–97868 രൂപ തടസ്സപ്പെടുത്തുന്നു | 1-26 |
| 48 | പൊതുമരാമത്ത് പ്രവൃത്തി - കരാറിലെ നിബന്ധനകൾ കാലികമാക്കണം | 1-27 |
| 49 | റോഡ് മാപ്പിന്റെ അഭാവം - റോഡ് നിർമ്മാണം- നിയമവ്യവസ്ഥ പരിശോധിക്കാൻ സാധിച്ചില്ല. | 1-28 |
| 50 | ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 1-29 |
| 51 | ബഡ്സ് സ്കൂൾ ബ്ലോക്ക് വിഹിതം - രേഖകൾ ഹാജരാക്കിയില്ല - 1000000/-രൂപ തടസ്സപ്പെടുത്തുന്നു | 1-30 |
| 52 | പകൽ വീട് ബ്ലോക്ക് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-31 |
| 53 | ഫസ്റ്റ് ചെക്ക് ക്യാൻസർ പരിശോധന - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-32 |
| 54 | പുത്തൻതോപ്പ് സി.എച്ച്.സി-വാഹന പരിപാലനം | 1-33 |
| 55 | പാരാമെഡിക്കൽ സ്റ്റാഫുകളുടെ വേതനം - പദ്ധതികളിലെ അപാകതകൾ | 1-34 |
| 56 | കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ലാബ് റീഏജന്റ്സ് വാങ്ങിയില്ല | 1-35 |
| 57 | പുത്തൻതോപ്പ് സി.എച്ച്.സി - 128220 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല | 1-36 |
| 58 | പുത്തൻതോപ്പ് സിഎച്ച്സി ദൈനംദിന ചെലവുകൾ - രേഖകൾ ലഭ്യമാക്കിയില്ല – 32047 രൂപ തടസ്സപ്പെടുത്തുന്നു | 1-37 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **05.07.23 ലെ 5(1)** നം. ജനറൽ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **22.07.23** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ** മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ** 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62-3 പ്രകാരമുള്ള മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

സാംഖ്യ സോഫ്റ്റ്വെയറിൽ വാർഷിക അനുപാതങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമല്ല എന്നറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 1/07.12.23 നുള്ള മറുപടി). എന്നാൽ മറ്റു പത്രികകളുടെ വിവരം മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും തയ്യാറാക്കി വാർഷിക കണക്കുകൾക്കൊപ്പം ഓഡിറ്റിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8800611 രൂപയാണ്. എന്നാൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7816357 രൂപയാണ്. മേൽ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സോഫ്റ്റ്വെയറിൽ നിന്നും ഓട്ടോമാറ്റിക്കായി ജനറേറ്റ് ചെയ്യുന്ന സ്റ്റേറ്റ്മെന്റ് ആണെന്നും ആയതിന്റെ ആധികാരികത വ്യക്തമല്ലെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 1/07.12.23 നുള്ള മറുപടി). അതിന്റെ കൃത്യത സംബന്ധിച്ച് പരിശോധന നടത്തേണ്ടതും വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതിനുള്ള

നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-3 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല

വർഷാന്ത്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിൽ B-14 Stock In Hand ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല.

സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നതിനുള്ള സംവിധാനം സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല എന്നറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 1/07.12.23 നുള്ള മറുപടി). വരും വർഷങ്ങളിൽ സ്റ്റോക്ക് മൂല്യനിർണയ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-4 കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

നടപ്പ് സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2023 മാർച്ച് ലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി- 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 1/07.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ പൂർത്തീകരിക്കാനാകാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതാണ്.

## 1-1-5 ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലോക്കൽ സാംഖ്യയിൽ റിക്കൺസിലിയേഷൻ ചെയ്യുന്നില്ലെന്നും അതാത് അക്കൗണ്ടുകളുടെ ചെക്ക് ഇഷ്യു രജിസ്റ്ററിലാണ് റിക്കൺസിലിയേഷൻ എഴുതുന്നതെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 6/08.12.23 നുള്ള മറുപടി). എന്നാൽ തനത് ഫണ്ട് അക്കൗണ്ടായ LGTSB 799013000001140 നം. ട്രഷറി അക്കൗണ്ടിന്റെ ചെക്ക് ഇഷ്യൂ രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ടി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം മേൽ അക്കൗണ്ടിന്റെ 31.03.23 ലെ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് -2680 ആണ്. എന്നാൽ ബാങ്ക് ബുക്ക് പ്രകാരമുള്ള യഥാർത്ഥ നീക്കിയിരിപ്പ് 0 ആണ്. സാംഖ്യയിൽ റിക്കൺസിലിയേഷൻ ചെയ്യാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 1-1-6 ബാങ്ക് അക്കൗണ്ടുകളുടെ വിവരം അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല

1. ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടുള്ള ചുവടെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് നം. | റിമാർക്സ് |
|---|---|---|
| 1 | 336502010078220 | Union Bank Of Indiaഅക്കൗണ്ട്. 2022-23 ൽ ട്രാൻസാക്ഷൻ ഇല്ല. |
| 2 | 336502010083403 | Union Bank Of Indiaഅക്കൗണ്ട്. 01.04.22 ലെ മുന്നിരിപ്പ് - 386<br>31.03.23 ലെ നീക്കിയിരിപ്പ് - 278 |

ക്രമ നം. 1 പ്രകാരമുള്ള അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ളതിനാലാണ് അക്കൗണ്ട്സിൽ ഉൾപ്പെടുത്താത്തതെന്നും ക്രമ നം. 2 പ്രകാരമുള്ള, പഞ്ചായത്ത് ഇലക്ഷനുമായി ബന്ധപ്പെട്ട് തുടങ്ങിയ അക്കൗണ്ട് സാങ്കേതിക കാരണങ്ങളാൽ ക്ലോസ് ചെയ്യാൻ കഴിഞ്ഞില്ലെന്നും ആയത് ക്ലോസ് ചെയ്ത് അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.6/08.12.23). തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതും ക്രമ നം. 1 പ്രകാരമുള്ള അക്കൗണ്ട് ക്ലോസ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

2. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള IOB അക്കൗണ്ട് നം. 216201000012185 ന്റെ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ടി അക്കൗണ്ടിൽ 34774 രൂപയുടെ

നീക്കിയിരിപ്പ് കാണുന്നു. അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.48/14.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതും അക്കൗണ്ട്സ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 1-1-7 നീക്കിയിരിപ്പില്ലാത്ത ബാങ്ക് അക്കൗണ്ടിൽ നിന്നും ചെലവ് ചെയ്തിരിക്കുന്നു

2022-23 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം Treasury Account - COVID (ഹെഡ് നം.450250201) ന്റെ മുന്നിരിപ്പ് 5350 രൂപയും നീക്കിയിരിപ്പ് 0 യുമാണ്. എന്നാൽ ലഭ്യമാക്കിയ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 26.03.22 ന ശേഷം ടി അക്കൗണ്ടിൽ ട്രാൻസാക്ഷൻ ഇല്ല. കൂടാതെ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത തീയതിയിലെ നീക്കിയിരിപ്പ് 0 ആണ്. എന്നാൽ ടി അക്കൗണ്ടിന്റെ 2022-23 വർഷത്തെ ബാങ്ക് ബുക്ക് പ്രകാരം 5350 രൂപ ഗുണഭോക്താവിന് അനുവദിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു (പേയ്മെന്റ് വൗച്ചർ നം. 22200718/31.03.23). കൂടാതെ പ്രസ്തുത ചെലവ് വാർഷിക ധനകാര്യ പത്രികയിൽ RP-13 ഹെഡ് നം. 230800114 ൽ ഉൾപ്പെട്ടിട്ടുമുണ്ട്. ഇപ്രകാരം 2022-23 ൽ നീക്കിയിരിപ്പില്ലാത്ത ബാങ്ക് അക്കൗണ്ടിൽ നിന്നും ടി വർഷം തുക അനുവദിച്ചതെങ്ങനെയെന്ന് വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.6/08.12.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2020 ൽ നടന്ന ചെലവ് സാംഖ്യ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്നതിന് വിട്ടുപോയതിനാൽ 2022-23 ലെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയപ്പോൾ ആയത് മുൻചെലവായി രേഖപ്പെടുത്തി കൃത്യമാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 ൽ 5350 രൂപയുടെ ഒരു ചെലവ് ഇല്ല. കൂടാതെ 2020 ൽ നടന്ന ഒരു ചെലവ് 2022-23 ലെ റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ തൻവർഷത്തെ ഒരു ചെലവായി ഉൾപ്പെട്ടതെങ്ങനെയെന്ന് വ്യക്തമല്ല. മേൽ വിഷയത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 1-1-8 ലഭിക്കുന്ന ചെക്കിന് രസീത് നൽകുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ ചെക്ക് മുഖേന ലഭിക്കുന്ന വരവുകൾക്കൊന്നിനും രസീത് നൽകുന്നില്ല. ഉദാ- ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുണ്ടക്കൽ മിനി വ്യവസായ യൂണിറ്റിന്റെ 2022-23 വർഷത്തെ വാടകയിനത്തിൽ 11 ചെക്കുകൾ മുഖേന ആകെ 392935 രൂപ (12 മാസത്തെ വാടക) ശ്രീ.അനിൽകുമാർ.എസ് എന്ന വ്യക്തിയിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിലും ആയത് രസീത് നൽകി വരവിൽ ചേർത്തിട്ടില്ല.

പഞ്ചായത്തിൽ സാംഖ്യ രസീത് നൽകുന്നില്ലെന്നും പകരം രസീത് ബുക്ക് പ്രകാരമുള്ള രസീതാണ് നൽകി വരുന്നതെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.17/12.12.23 നുള്ള മറുപടി). എന്നാൽ ചെക്ക് പ്രകാരം ലഭിക്കുന്ന തുകകൾക്ക് രസീത് ബുക്ക് പ്രകാരമുള്ള രസീത് നൽകാത്തതിനും സാംഖ്യ രസീത് ഉപയോഗിക്കാത്തതിനുമുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. പഞ്ചായത്തിൽ ലഭിക്കുന്ന എല്ലാ വരവ് തുകകളും രസീത് നൽകി കണക്കിലെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-9 ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ബാങ്ക് നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ബി - 4 ഷെഡ്യൂൾ പ്രകാരം Centrally Sponsored Scheme-Indira Awas Yojana (IAY) - General ന്റെ നീക്കിയിരിപ്പ് 7462688/- രൂപ ആണ്. അതായത് ടി ഷെഡ്യൂളിൽ RP40 (B) പ്രകാരം PMAY Bank Of Baroda 5205 ലെ നീക്കിയിരിപ്പ് തുകയായ 7462688 രൂപ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. IOB-IAY4545 ന്റെ നീക്കിയിരിപ്പായ 787385/- രൂപ ഉൾപ്പെടുത്തിയിട്ടില്ല.

പ്രസ്തുത തുകകൾ ബാങ്ക് ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 15/12.12.23 നുള്ള മറുപടി). മുന്നിരിപ്പ് തുകയിൽ (2021-22 വർഷത്തെ ബി - 4 പ്രകാരമുള്ള തുക) രണ്ടു അക്കൗണ്ടുകൾ പ്രകാരമുള്ള തുകകളും ഉൾപ്പെട്ടിരുന്നു. എന്നാൽ 2022-23 വർഷത്തെ ബി-4 ഷെഡ്യൂളിൽ (IAY) - General ന്റെ നീക്കിയിരിപ്പിൽ IAY പദ്ധതിയ്ക്കായി പരിപാലിക്കുന്ന IOB-IAY4545 ബാങ്ക് അക്കൗണ്ടിന്റെ നീക്കിയിരിപ്പ് ഉൾപ്പെടുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-1-10 ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല

ബാലൻസ് ഷീറ്റ് ബി - 11(a) Capital Work In Progress ഷെഡ്യൂളിൽ തുകയൊന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല. അസി. എഞ്ചിനീയർ ലഭ്യമാക്കിയ പാർട്ട് ബിൽ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രോജക്ട് നമ്പർ 102/23 -ടേക്ക് എ ബ്രേക്ക് വേങ്ങോടിനായി ചെലവഴിച്ച 674823/- രൂപയും പ്രോജക്ട് നം. 110/23 ശലഭം -ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ യുപി എൽപി സ്കൂളുകളിൽ ശിശുസൗഹൃദ ശുചിമുറിയ്ക്കായി ചെലവഴിച്ച 382354/- രൂപയും ചേർത്ത് ആകെ 1057177/- രൂപ ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകത നടപ്പ് സാമ്പത്തിക വർഷം പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.

15/12.12.23 നള്ള മറുപടി).

## 1-1-11 ജേണൽ വൗച്ചറെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

എ) 2021-22 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ബാധ്യതയായി നിലനിന്നിരുന്ന ചുവടെ പറയുന്ന തുകകളെ ജേണൽ വൗച്ചർ മുഖേന 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ വിവിധ ഹെഡ്ഡുകളിൽ വരവായി ക്രമീകരിച്ചിരിക്കുന്നു.

| ക്രമ നം. | 2021-22 ബാലൻസ് ഷീറ്റ് ബി-4 പ്രകാരം | | 2022-23 വർഷം ക്രമീകരിച്ചിരിക്കുന്ന ഹെഡ് നം./ഇനം |
|---|---|---|---|
| | ഹെഡ് നം./ഇനം | തുക | |
| 1 | 320100118-Centrally Sponsored Scheme-Integrated Watershed Management (IWMP) - General | 25902 | 160100799-Other Revenie Grants |
| 2 | 320200102-Develpoment Fund – Special Component Plan-Capital | 6992400 | 160100609-Indira Awas Yojana (IAY) -Special Component Plan |
| 3 | 320200301 - Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme | 369 | 180800199-Miscellaneous Receipts |
| 4 | 320200322-Grants From Suchithwa Mission | 9995 | 160100613- Total Sanitation Campaign (TSC) |
| 5 | 320200323-Grant For Keralolsavam | 1905 | 160100699- Other Schemes |
| 6 | 320300199-Grants, Funds & Contributions For Specific Purposes - Other Government Agencies | 25000 | 160100699- Other Schemes |
| 7 | 350200301-Recoveries Payable - COVID | 23750 | 160100901-Donations Related To Pandemic/Epidemic Control |

മുൻ വർഷങ്ങളിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനായി നടത്തിയിട്ടുള്ള എൻട്രികളാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 15/12.12.2023 നള്ള മറുപടി).

ബി) 2021-22 ബി-7 ഷെഡ്യൂൾ പ്രകാരം Deposit Received From Others (ഹെഡ് നം. 340800101) ഇനത്തിൽ 39595/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. ടി തുക 31.03.23 ൽ അഡ്ജസ്റ്റ്മെന്റ് എൻട്രിയിലൂടെ Insurance Claim Recovery (ഹെഡ് നം. 180200101) ഇനത്തിലേയ്ക്ക് വരവ് വെച്ചിരിക്കുന്നു. ടി തുക മുൻകൂർ ചെലവഴിച്ചിട്ട് റീക്ലപ്പ് ചെയ്ത തുകയാണെന്നും ജേണൽ എൻട്രിയിട്ട് ശരിയാക്കിയതാണെന്നും അറിയിച്ചിട്ടുണ്ട്.

(ഓഡിറ്റ് അന്വേഷണം നം. 15/12.12.23 നള്ള മറുപടി). എന്നാൽ ബന്ധപ്പെട്ട ജേണൽ വൗച്ചറുകളോ അതിനെ സാധൂകരിക്കുന്ന രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ജേണൽ വൗച്ചറുകൾ, ബന്ധപ്പെട്ട രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-1-12 ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളിൽ കാലഹരണപ്പെട്ടവയുണ്ടോയെന്ന വിവരം ലഭ്യമല്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.15/12.12.23 ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 1-1-13 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ 2020-21 വരെയുള്ള അഡ്വാൻസ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ മാത്രമാണ് ഉള്ളത്. RP-47 (P) ഷെഡ്യൂൾ പ്രകാരം 2022-23 വർഷം ചുവടെ പറയുന്ന ഇനങ്ങളിൽ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിശദാംശങ്ങൾ ഒന്നും തന്നെ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| ഹെഡ് നം. | ഇനം | തുക |
|---|---|---|
| 460500501 | Advance To Implementing Officers * | 105000 |

| | | |
|---|---|---|
| 460509901 | Advance To Others | 1598818 |

* കൂടാതെ ബാലൻസ് ഷീറ്റ് പ്രകാരം പ്രസ്തുത ഹെഡ്ഡിൽ തുകയൊന്നും തന്നെ തിരികെ ലഭിക്കാനുള്ളതായി കാണുന്നില്ല. മേൽ തുകകൾ ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.15/12.12.23 ന് രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ടെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അഡ്വാൻസ് തുകകൾ ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-1-14 അടച്ചു തീർത്ത ലോൺ തുക ബാധ്യതയായി നിലനിർത്തിയിരിക്കുന്നു

ഐ എ വൈ പദ്ധതിയുമായി ബന്ധപ്പെട്ട് 2012-13 ൽ എടുത്ത ലോൺ തുകയായ 4968400 രൂപ മുഴുവനും 2021-22 വർഷത്തോടെ അടച്ചു തീർത്തിരുന്നു. ലോൺ രജിസ്റ്ററിലും ടി വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 1024280 രൂപ ഇനിയും അടയ്ക്കാൻ അവശേഷിക്കുന്നതായി 2022-23 വർഷത്തെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2021-22 വർഷത്തെ ബാലൻസ് ഷീറ്റിലും പ്രസ്തുത തുക ബാധ്യതയായി നിലനിർത്തിയിരുന്നു. ഇപ്രകാരം പൂർണമായും അടച്ചു തീർത്ത ലോൺ തുക ബാധ്യതയായി നിലനിർത്തിയതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.15/12.12.23 ന് ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ടെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. മേൽ വിഷയത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-15 ചെലവ് തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തു

എ) 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം ഹെഡ് നം. 420500101-Investment-Equity Shares ഇനത്തിൽ 1000000 രൂപയുടെ ചെലവ് ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ ബാലൻസ് ഷീറ്റിലും ടി തുക ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ പ്രസ്തുത തുക പ്രോജക്ട് നം.39/23 - ബഡ്സ് സ്കൂളിന്റെ ഭക്ഷണ വിതരണത്തിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും ബ്ലോക്ക് വിഹിതം പ്രകാരം ചെലവഴിച്ചതാണ് ടി തുക എന്നു കാണുന്നു.

ബി) 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം ഹെഡ് നം. 280800301-Prior Period-Operations And Maintenance Expenses ഇനത്തിൽ 31906 രൂപയുടെ ചെലവ് ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ ടി തുകയിൽ ഉൾപ്പെട്ട16206 രൂപ പ്രോജക്ട് നം.49/23 - എഡിഎ ഓഫീസ് ദൈനംദിന ചെലവ് പ്രകാരം ചെലവഴിച്ചതാണ് എന്നു കാണുന്നു. ഇപ്രകാരം പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി നടത്തിയ 2022-23 വർഷത്തെ ചെലവ് തുക തെറ്റായി Prior Period ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു

സി) RP-12 ഷെഡ്യൂളിൽ 220800199 - Other Administrative Expences ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ പല ചെലവുകളും തെറ്റായി ടി ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | തുക | ഉൾപ്പെടുത്തേണ്ടിയിരുന്ന ചെലവ് ഹെഡ്/ഇനം |
|---|---|---|---|
| 1 | 22200019/12.05.22 | 7950 | 220710102-Light Refreshment Charges |
| 2 | 22200107/02.09.22 | 4500 | 220210102-Stationary Expenses |
| 3 | 22200109/02.09.22 | 2650 | |
| 4 | 22200156/3.11.22 | 2000 | 230100201-Diesel, Petrol For Presidents's Vehicle |
| 5 | 22200216/11.01.23 | 10976 | 220110101-Electricity Charges |
| 6 | 22200221/12.01.23 | 3718 | 220800101-Keralolsavam |
| 7 | 22200225/12.01.23 | 2410 | |

ഇപ്രകാരം ചെലവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തിയതിനുള്ള കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.15/12.12.23 ന് ഹെഡ് എൻട്രി വരുത്തിയപ്പോൾ വന്ന തെറ്റാണെന്നും വരും വർഷങ്ങളിൽ ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-1-16 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

RP-4 ഷെഡ്യൂൾ ഹെഡ് നം.140200199 – Penalties And Fines – Other Penalties ഇനത്തിൽ 22850 രൂപയുടെ വരവ് ഉണ്ട്. എന്നാൽ ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ രസീത് നം. 122010700006/30.03.23 പ്രകാരം സർവ്വീസ് ചാർജ്ജിനത്തിൽ ലഭിച്ച 24 രൂപ ബന്ധപ്പെട്ട 140500119 നം. ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിന പകരം തെറ്റായി ടി ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

ഇനി ഇത്തരത്തിലുള്ള തെറ്റ് ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 15/12.12.23 നുള്ള മറുപടി).

## 1-1-17 ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക "Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

ചുവടെ പറയുന്ന ആസ്തി സൃഷ്ടിക്കുന്നതിനായി സി.എഫ്.സി Tide ഗ്രാന്റ് ഉപയോഗിച്ച് ചെലവഴിച്ച തുക "Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

| പ്രോജക്ട് നം./പേര് | ചെലവഴിച്ച തുക |
|---|---|
| 32/23-ടേക്ക് എ ബ്രേക്ക് | 295147 |

നടപ്പ് വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 15/12.12.23 നുള്ള മറുപടി). തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-18 ഡെപ്പോസിറ്റ് തുക ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല

വാട്ടർ അതോറിറ്റിയ്ക്ക് അനുവദിക്കുന്ന ഡെപ്പോസിറ്റ് തുക സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. സുലേഖ ചെലവ് പത്രിക പ്രകാരം 2022-23 ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 6/23-ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പൈപ്പ്‌ലൈൻ എക്സ്റ്റൻഷൻ പദ്ധതിയുടെ ഭാഗമായി 2545060 രൂപയും 26/23 – ചിറ്റിക്കര കുടിവെള്ള പദ്ധതി മൂന്നാംഘട്ടം പ്രോജക്ടിന്റെ ഭാഗമായി 1041503 രൂപയും കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ആകെ ചെലവ് 3586563 രൂപ വാർഷിക കണക്കിൽ RP-47 ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത ടി തുകകളെ ബാലൻസ് ഷീറ്റിലും ഉൾപ്പെടുത്തിയിട്ടില്ല.

ഹെഡ് മാറി ചെലവ് ചെയ്തതാണെന്നും നടപ്പ് വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 15/12.12.23 നുള്ള മറുപടി).

2. 2022-23 ൽ ഡെപ്പോസിറ്റ് ചെയ്തിരുന്ന 3586563 രൂപയിൽ ഉൾപ്പെട്ടതും 2023-24 ൽ മാത്രം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതുമായ 475939 രൂപയെ 31.03.23 ൽ ഈ ഹെഡ്ഡിൽ നിന്നും ആസ്തി ശീർഷകത്തിലേയ്ക്ക് മാറ്റിയിരിക്കുന്നു. എന്നാൽ 2022-23 ബാലൻസ് ഷീറ്റിൽ Advance To Implementing Agencies – Deposit With Kerala Water Authority ഹെഡ്ഡിൽ ചേർക്കാത്ത 358563 രൂപയിലുൾപ്പെട്ട 475939 രൂപയെ എങ്ങനെയാണ് ടി ഹെഡ്ഡിൽ നിന്നും കുറവ് ചെയ്ത് ആസ്തി ശീർഷകത്തിലേയ്ക്ക് മാറ്റിയതെന്ന് വ്യക്തമല്ല. കൂടാതെ 2019-20 ൽ ഡെപ്പോസിറ്റ് ചെയ്തിരുന്നതും 2023-24 ൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതുമായ 669532 രൂപയെയും 2022-23 ൽ തന്നെ ആസ്തി ശീർഷകത്തിലേയ്ക്ക് മാറ്റിയിരിക്കുന്നു. ഇപ്രകാരം ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന മുൻപായി തന്നെ ആസ്തി ശീർഷകത്തിലേയ്ക്ക് മാറ്റിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

3. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ചെക്ക് നം. 068240/7.10.22 പ്രകാരം 11345 രൂപയും ചെക്ക് നം. 068279/08.12.22 പ്രകാരം 283824 രൂപയും ചെലവഴിക്കാതെ അവശേഷിച്ച തുകയായി തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ 283824 രൂപയുടെ വരവ് മാത്രമാണ് ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടുള്ളത്. തിരികെ ലഭിച്ച 11345 രൂപ ബാലൻസ് ഷീറ്റ് തുകയിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 16/12.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുക സംബന്ധിച്ച് വിശദമായി പരിശോധന നടത്തി അപാകതകൾ പരിഹരിക്കേണ്ടതും വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്ന തുകയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുമാണ്.

## 1-1-19 MGNREGS വരവ് ചെലവ് കണക്കുകൾ

MGNREGS ഭരണചെലവുകളുടെ വരവ് 406913 രൂപ വാർഷിക ധനകാര്യപത്രിക ആർപി 31-ഹെഡ് നം.320100101 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഏത് ഹെഡ്ഡിലാണ്

ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമല്ല. ചെലവ് ഹെഡ് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 48/14.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-1-20 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ

എ) 2021-22 വർഷത്തെ ബാലൻസ് ഷീറ്റിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2022-23 ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം. | കോഡ് നം. | ഇനം | തുക |
|---|---|---|---|
| 1 | 350120199 | Interest Accrued & Due - Others | 574642 |
| 2 | 350300116 | Government And Other Dues Payable-flood Cess | 3250 |
| 3 | 350300199 | Government And Other Dues Payable-others | 2745 |
| 4 | 350400501 | Refund Payable-Grants And Funds | 98889 |
| 5 | 350409901 | Refund Payable-others | 615473 |

2023-24 ലെ വാർഷിക ധനകാര്യപത്രികയിൽ അപാകത പരിഹരിച്ച് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 1/07.12.23 നുള്ള മറുപടി). മേൽ തുകകൾ സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് ഒടുക്കാനുള്ള തുകയായതിനാൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബി) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 300 രൂപ വർഷങ്ങളായി ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുക നാളിതുവരെ ഉപയോഗിക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതും ആയത് ഏത് പ്രോജക്റ്റുമായി ബന്ധപ്പെട്ടതാണെന്നുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം. 1/07.12.23 നുള്ള മറുപടി പ്രകാരം മേൽ തുകകൾ 2019 വർഷം മുതൽ നിലനിൽക്കുന്നവയാണെന്നും നടപ്പ് സാമ്പത്തിക വർഷം കമ്മിറ്റി തീരുമാനമെടുത്ത് തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിച്ച മേൽ തുക ഗുണഭോക്താവിന് തിരികെ നൽകാനുള്ളതാണെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സി) 2021-22 ബാലൻസ് ഷീറ്റ് B-8 ഷെഡ്യൂൾ പ്രകാരം Deposit Works – Others (ഹെഡ് നം. - 341300101) ഇനത്തിൽ ഉണ്ടായിരുന്ന 15000 രൂപ ഈ വർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

മേൽ തുക 2022 ജനവരിയിൽ ബെയിലിംഗ് മെഷിൻ വാങ്ങുന്നതിനായി പ്രകൃതി എന്ന സ്ഥാപനത്തിൽ നിന്നും ഇഎംഡിയായി ലഭിച്ച തുകയാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 1/07.12.23 നുള്ള മറുപടി). ഇഎംഡിയായി ലഭിച്ച തുക മേൽ ഹെഡ്ഡിൽ ഉൾപ്പെടുത്തിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതും തുക എത്രയും വേഗം തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

ഡി) 021-22 ബാലൻസ് ഷീറ്റ് B-2 ഷെഡ്യൂൾ പ്രകാരം Development Fund For Transfer To Other LSGIs For Joint Venture Project-for Revenue Expenditure To (ഹെഡ് നം. - 311200205) ഇനത്തിൽ ഉണ്ടായിരുന്ന 13180000 രൂപ ഈ വർഷവും നീക്കിയിരിപ്പായി അവശേഷിക്കുന്നു.

Joint Venture Project നു വേണ്ടി ലഭിച്ച മേൽ തുക മുഴുവനായും ചെലവഴിച്ചിട്ടുള്ളതാണെന്നും എന്നാൽ ലയബിലിറ്റിയിൽ നിന്നും കുറവ് ചെയ്യാതെയാണ് ഇപ്പോഴും നിലനിൽക്കുന്നതെന്നും നടപ്പ് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 1/07.12.23 നുള്ള മറുപടി). അപാകത പരിഹരിച്ച് വിശദമായ റിപ്പോർട്ട് തുകകളുടെ ചെലവ് വിവരങ്ങൾ സഹിതം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

ഇ) 2021-22ലെ ബാലൻസ് ഷീറ്റിൽ നിലനിന്നിരുന്ന ചുവടെ പറയുന്ന ഡെപ്പോസിറ്റുകൾ 2022-23 വർഷത്തിലും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് | ഇനം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 340100101 | Contractor's EMD | 895928 * |
| 340109901 | Other Deposits | 790679 ** |

| | | |
|---|---|---|
| 340200101 | Rent Deposit | 17040 |
| 340200102 | Auction Deposit | 9206 |
| 340100103 | Bidder's EMD | 13900 ** |
| 340100201 | Contractor's Security Deposit | 26448 |

* 2022-23 വർഷം തിരികെ നൽകിയ 22150 രൂപ ഒഴികെയുള്ള തുക.

** 2022-23 വർഷം വരവ് ലഭിച്ച 5000 രൂപ കൂടി ഉൾപ്പെട്ട തുക.

നടപ്പ് സാമ്പത്തിക വർഷം കമ്മിറ്റി തീരുമാനമെടുത്ത് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 1/07.12.23 നുള്ള മറുപടി). ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

എഫ്) RP-5 ഷെഡ്യൂൾ ഹെഡ് നം. 150120104 പ്രകാരം Receipts From Auction Of Obsolete Assets ഇനത്തിൽ 13674 രൂപയുടെ വരവ് കാണുന്നു. തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട രേഖകൾ, ഫയൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ഓഡിറ്റ് അന്വേഷണം നം. 15/12.12.23 ന് ലേലഫയൽ ഹാജരാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. മേൽ വരവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ജി) ആസ്തികളുടെ ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 15/12.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

എച്ച്) 2022-23 വാർഷിക ധനകാര്യ പത്രിക RP-5 ഷെഡ്യൂളിലെ ഹെഡ് നം.150110101 – Sale Of Tender Forms പ്രകാരമുള്ള വരവ് തുക 1344 രൂപ മാത്രമാണ്. അതായത് തൻവർഷം ഇ-ടെണ്ടർ ഫോറം വിലയിനത്തിൽ തുകയൊന്നും തന്നെ വരവ് വന്നിട്ടുള്ളതായി കാണുന്നില്ല. 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ എത്ര രൂപ വരവ് ലഭിച്ചിട്ടുണ്ടെന്നും ആയത് 2022-23 വർഷം പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിന് അസി.എഞ്ചിനിയർക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം.18/12.12.23 ന് ലഭ്യമാക്കിയ മറുപടിയിൽ 2022-23 വർഷത്തെ ഇ-ടെണ്ടർ ഫോറം വില 2023-24 ൽ ഒടുക്കിയതു സംബന്ധിച്ച വിവരമാണ് സെക്രട്ടറി നൽകിയിട്ടുള്ളത്. 2021-22 വർഷത്തെ ഇ-ടെണ്ടർ ഫോറം വിലയിനത്തിൽ എത്ര രൂപ പഞ്ചായത്ത് ഫണ്ടിൽ ലഭിച്ചുവെന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

2022-23 ലെ ബജറ്റ് 26.03.2022 ലെ ഭരണസമിതി സാധാരണ യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. കൂടാതെ 2022-23 ലെ പരിഷ്കരിച്ച ബജറ്റ് 22.03.2023 ലെ ഭരണസമിതി സാധാരണ യോഗം 1/1 നമ്പർ തീരുമാനം പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്/പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | പരിഷ്കരിച്ച ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 0 |
| വരവ് | 1272508876 | 648035176 |
| ആകെ | 1272508876 | 648035176 |
| ചെലവ് | 1254035226 | 663697377 |
| നീക്കിയിരിപ്പ് | 18473650 | 11337799 |

### 1-2-1 ബജറ്റ് അപാകങ്ങൾ

എ) ബജറ്റ് രൂപീകരണം

1. ബജറ്റ് ശുപാർശ, രൂപീകരണം എന്നിവ ഉൾപ്പെട്ട 2022-23 വർഷത്തെ ബജറ്റ് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ട താഴെപ്പറയുന്ന പ്രധാന രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ

സി) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ഡി) പെർഫോമൻസ് ബജറ്റ്

ഇ) ജെൻഡർ ബജറ്റ്

2. ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഘടകസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ആവശ്യകതാ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. 2021-22 വർഷം വരെ ഫങ്ഷൻ ഫങ്ഷനറി അക്കൗണ്ട് കോഡ് അടിസ്ഥാനത്തിലാണ് ബജറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ 2022-23 ലെ വാർഷിക ബജറ്റ് ഫങ്ഷൻ ഫങ്ഷനറി അക്കൗണ്ട് കോഡ് അടിസ്ഥാനത്തിൽ തയ്യാറാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. പ്രസ്തുത ബജറ്റ്, 2023-24 വർഷത്തെ ബജറ്റിനോടൊപ്പം പരിഷ്കരിച്ചിട്ടുള്ള 2022-23 ലെ റിവൈസ്ഡ് ബജറ്റ് എന്നിവ സിംഗിൾ എൻട്രി സമ്പ്രദായത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ ബജറ്റിൽ മുന്നിരിപ്പ് ഉൾപ്പെട്ടിട്ടില്ല.

ബി) <u>ബജറ്റ് വകയിരുത്തൽ-ചെലവ്</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 എന്നിവ പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയോ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഉചിതമായ ബജറ്റ് തുക വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. എന്നാൽ ചില ഇനങ്ങളിൽ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ്/റിവൈസ്ഡ് ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഹെഡ് കോഡ് | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | പ്രസിഡന്റിന്റെ ഹോണറേറിയം | 192000 | 187200 | 210200301 | 201200 |
| 2 | വൈസ് പ്രസിഡന്റിന്റെ ഹോണറേറിയം | 162000 | 156000 | 210200304 | 164250 |
| 3 | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരുടെ ഹോണറേറിയം | 360000 | 360000 | 210200305 | 378550 |
| 4 | മെമ്പർമാരുടെ ഹോണറേറിയം | 864000 | 864000 | 210200306 | 872800 |
| 5 | ഓഫീസിന്റെ വൈദ്യുതി ചാർജ് | 90000 | 120000 | 220110101 | 120926 |
| 6 | ഓഫീസ് വാഹനത്തിന്റെ ഇന്ധനചെലവ് | 80000 | 100000 | 230100202 | 114988 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/11.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രം ബജറ്റ് തയ്യാറാക്കുന്നതിനും തുക ചെലവഴിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 31545848 |
| ഓഡിറ്റ് വർഷത്തെ വരവ് | 90766407 |
| ആകെ | 122312255 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 99105940 |
| നീക്കിയിരിപ്പ് | 23206315 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 29667000 | 29667000 | 27395822 | 2271178 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 21244000 | 21244000 | 20110159 | 1133841 |
| വികസനഫണ്ട് (CFC Tied) | 0 | 7306790 | 7306790 | 5059173 | 2247617 |
| വികസനഫണ്ട് (CFC Untied) | 0 | 5038072 | 5038072 | 4992730 | 45342 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 8040000 | 8040000 | 7832643 | 207357 |

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (CFC Tied) | Grant Statement | 5059173 |
| | ACR | 5059173 |
| | Accounts | 4979022 |
| Development Fund (CFC UnTied) | Grant Statement | 4992730 |
| | ACR | 4992730 |
| | Accounts | 1795405 |

2. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. എന്നാൽ വനിതാ ഘടക പദ്ധതിയ്ക്കായി വകയിരുത്തിയ 5570020 രൂപയിൽ (മറ്റുള്ളവ ഒഴികെ) 4980000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (ചെലവ് ശതമാനം 89).

3. കുട്ടികൾക്കുവേണ്ടി തയ്യാറാക്കിയ ചുവടെ പറയുന്ന പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | പ്രോജക്ട് നം./പേര് | അടങ്കൽ തുക |
|---|---|---|
| കുട്ടികൾ | 120/23 - സ്പീച്ച് ബിഹേവിയർ ഒകുപേഷണൽ തെറാപ്പി | 100000 |

4. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.2 പ്രകാരം വികസന ഫണ്ടിൽ നിന്നും അനിവാര്യമായും വിഹിതം നീക്കിവെയ്ക്കേണ്ട അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോപ്ലാനുകൾക്ക് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല.

5. ബ്ലോക്ക് പഞ്ചായത്തിൽ 2022-23 വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക പൂർണമായി ചെലവഴിച്ചിട്ടില്ല. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ

ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് | ചെലവ് (%) |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 9541440 | 8385216 | 88 |
| | പട്ടിക ജാതി | 2400000 | 2275000 | 95 |
| സേവനം | പൊതുവിഭാഗം | 39713733 | 30475564 | 77 |
| | പട്ടിക ജാതി | 14351806 | 12463000 | 87 |
| പശ്ചാത്തലം | പൊതുവിഭാഗം | 8827209 | 7927152 | 90 |
| | പട്ടിക ജാതി | 5619704 | 5372159 | 96 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 5/08.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ പദ്ധതി ആസൂത്രണം, നടത്തിപ്പ് എന്നിവ സംബന്ധിച്ച വിശകലനം ചുവടെ ചേർക്കുന്നു.

**ഫണ്ട് വിനിയോഗം**

2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**(എ)**

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 29667000 | 27395822 | 2271178 |
| വികസനഫണ്ട് എസ്.സി.പി | 21244000 | 20110159 | 1133841 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 8040000 | 7832643 | 207357 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 0 | 0 |
| **ആകെ** | **58951000** | **55338624** | **3612376** |

1) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(എ)**

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് (ഗ്ര.വി. ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 11 | 8 | 3 | 5996500 | 5694501 | 94.96 |
| ബ്ലോക്ക് | 30 | 24 | 6 | 25141364 | 20060151 | 79.79 |

| | | | | | | |
|---|---|---|---|---|---|---|
| പഞ്ചായത്ത് സെക്രട്ടറി | | | | | | |
| മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 16 | 14 | 2 | 8575352 | 7868225 | 91.75 |
| പട്ടികജാതി വികസന ഓഫീസർ | 3 | 3 | 0 | 5550000 | 4350000 | 78.38 |
| അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | 5 | 5 | 0 | 715466 | 649262 | 90.75 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 5 | 5 | 0 | 6927160 | 6927160 | 100 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 6 | 6 | 0 | 3727814 | 3137794 | 84.17 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 8 | 7 | 1 | 10694677 | 6970373 | 65.18 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 24 | 23 | 1 | 13125559 | 11240625 | 85.64 |

**(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 30372605 | 27395822 | 90.2 |
| എസ്.സി.പി. | 22371510 | 20110159 | 89.90 |
| ടി.എസ്.പി. | 0 | 0 | 0 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 13073151 | 10051903 | 76.89 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1300000 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 0 | 0 | 0 |
| തനത് ഫണ്ട് | 2598067 | 1507564 | 58.02 |
| മറ്റ് ഗ്രാമ പഞ്ചായത്ത് | | 0 | 0 |
| മറ്റ് ജില്ലാ പഞ്ചായത്ത് | | 0 | 0 |
| മെയിന്റനൻസ് റോഡ് | | 0 | 0 |
| മെയിന്റനൻസ് നോൺ റോഡ് | 8188559 | 7832643 | 95.65 |
| മറ്റുള്ളവ | 6222160 | 0 | 0 |
| ആകെ (മറ്റുള്ളവ ഒഴികെ) | 80453892 | 66898091 | 83.15 |

2.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴിവാക്കി) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 108 | 95 | 13 | 80453892 | 66898091 | 83.15 |

3) പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022, 3.1.1 അനുശാസിക്കുന്ന പ്രകാരം, ആസൂത്രണസമിതി

പുന:സംഘടിപ്പിച്ചതിന്റെ വിശദാംശം, പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് എൻക്വയറി നമ്പർ 03/07.12.23- മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

4) പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 ബി 1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകളിൽ, പ്രോജക്ട് രൂപീകരണം, അവയുടെ അവലോകനം എന്നീ ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിച്ചിട്ടുണ്ട്.

5) ഖണ്ഡിക 3.1.2(ബി)7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി അവതരിപ്പിച്ചതിന്റെ വിശദാംശം, ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്തതിന്റെ നടപടിക്രമങ്ങൾ / വിശദാംശങ്ങൾ എന്നിവ ഓഡിറ്റ് എൻക്വയറി നമ്പർ 03/07.12.23- മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചതിന്റെ വിശദാംശം മിനിട്സാക്കി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രോജക്ട് ഫയലിൽ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഉള്ളടക്കം ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണം, പ്രോജക്ട് ലക്ഷ്യങ്ങളുടെ പൂർത്തീകരണം എന്നിവ അവലോകനം ചെയ്ത് പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖ.14-ൽ നിർദ്ദേശിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് മോണിറ്ററിംഗ് സമിതി റിപ്പോർട്ട് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

6) പദ്ധതി മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് , റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയത് ലഭ്യമാക്കിയിട്ടില്ല.

<u>7)വർക്കിംഗ് ഗ്രൂപ്പുകൾ</u>

1. ആരോഗ്യം ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷം ഒരു പ്രാവശ്യം (27.05.22-ന്) മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ആയതിൽ, ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് രേഖപ്പെടുത്തിയിട്ടില്ല.

(I)വിദ്യാഭ്യാസം, കല, സാംസ്കാരികം, യുവജനകാര്യം

(Ii)ദാരിദ്ര്യ ലഘൂകരണം

(Iii)സാമൂഹ്യനീതി (ഭിന്നശേഷി, വൃദ്ധർ, കുട്ടികൾ)

(Iv)ജൈവ വൈവിദ്ധ്യം, ദുരന്തനിവാരണം

(V)പട്ടികജാതി വികസനം

(Vi)വനിതകളുടെയും കുട്ടികളുടെയും വികസനം

പ്രോജക്ട് രൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖ.3.1.2 (ബി) പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും മിനിട്സ് രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് കൺവീനർമാർ ശ്രദ്ധിക്കേണ്ടതുമാണ്.

2. പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖ.3.1.2 (എ) (14) പ്രകാരം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കൺവീനറുടെ ഹാജർ നിർബന്ധമാണ്. എന്നാൽ, ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർമാർ യോഗത്തിൽ പങ്കെടുത്തിട്ടില്ല

(I) പട്ടികജാതി വികസനം

(Ii)ജൈവ വൈവിദ്ധ്യം, ദുരന്തനിവാരണം

(Iii)ദാരിദ്ര്യലഘൂകരണം

(Iv)വിദ്യാഭ്യാസം, കലയും സാംസ്കാരവും, യുവജനകാര്യം.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.4/07.12.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടം ഉറപ്പാക്കേണ്ടതാണ്.

3. സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല ( ഓഡിറ്റ് എൻക്വയറി നം.4/07.12.23)

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| 1 | കൃഷി, മത്സ്യബന്ധനം | അതീവഗുരുതരം | തൊഴിലാളികളുടെ ദൗർലഭ്യം, മേഖലയിലെ |

| | | | |
|---|---|---|---|
| | | | കുറഞ്ഞവേതനം, പച്ചക്കറി ഉല്പാദനക്കുറവ്<br>മത്സ്യതൊഴിലാളി വരുമാനത്തിൽ സ്ഥിരത ഇല്ലായ്മ |
| 2 | മൃഗസംരക്ഷണം ക്ഷീര വികസനം | അതീവഗുരുതരം | തീറ്റ ചെലവ് കൂടുതൽ<br>പ്രാദേശിക തീറ്റപ്പുൽ ഉല്പാദനം |
| 3 | പ്രാദേശിക സാമ്പത്തിക വികസനം | അതീവഗുരുതരം | പരമ്പരാഗത വ്യവസായ മേഖലയിൽ പുതു തലമുറ വരുന്നതിനുള്ള വൈമുഖ്യം<br>സ്ത്രീ സംരംഭകരുടെ കുറവ് |
| 4 | വനിതകളുടെയും കുട്ടികളുടെയും വികസനം | അതീവഗുരുതരം | പോഷകാഹാരക്കുറവ്<br>സ്ത്രീകളുടെ സ്ഥിരവരുമാനം ഉറപ്പാക്കൽ |
| 5 | പട്ടികജാതി വികസനം | അതീവഗുരുതരം | സാമ്പത്തിക, ആരോഗ്യ പിന്നാക്കാവസ്ഥ<br>കുടിവെള്ള ദൗർലഭ്യം<br>കോളനികളിലെ അടിസ്ഥാന സൗകര്യക്കുറവ് |
| 6 | വിദ്യാഭ്യാസം, സാംസ്കാരികം | അതീവഗുരുതരം | തൊഴിൽ ലഭ്യതക്കുറവ് |
| 7 | പൊതുമരാമത്ത് | അതീവഗുരുതരം | ശാസ്ത്രീയ മലിന്യ സംസ്കരണ പദ്ധതി |

സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രശ്ന തീവ്രതകൾക്കനുസരിച്ച് പ്രോജക്ട് രൂപീകരിക്കുന്നതിനും പ്രശ്ന പരിഹാരം കണ്ടെത്തുന്നതിനും ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ പ്രാധാന്യം നൽകേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ

ഇല്ല

## 1-7 ക്യാഷ് ബാലൻസ്

ഇല്ല

## 1-8 ആഭ്യന്തര നിയന്ത്രണം

ബ്ളോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന വിഷയങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

1) തനത് വരുമാന വരവ് വർദ്ധിപ്പിക്കുന്നതിനുതകുന്ന നടപടികൾ കൈക്കൊള്ളുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

2) ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കുന്നതിലെ അപാകങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

4) വർക്കിംഗ് ഗ്രൂപ്പുകൾ, ആസൂത്രണസമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും മിനിട്സ് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. വർക്കിംഗ് ഗ്രൂപ്പുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

5) വിവിധ നിർവ്വഹണോദ്യോഗസ്ഥൻ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

6) നിർവ്വഹണോദ്യോഗസ്ഥർ പ്രോജക്ട് ഫയലുകളുടെ പരിപാലനത്തിൽ, പ്രോജക്ട് അനുബന്ധ രേഖകൾ ഫയലിനൊപ്പം സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

7) ഓഡിറ്റിന്റെ ഭാഗമായി നൽകുന്ന എൻക്വയറികൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് (RP-31 പ്രകാരം) | ആകെ | ചെലവ് (ലെഡ്ജർ പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 175841 | 406913 | 582754 | * 580904 | 1850 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 0 | 0 | 0 |
| ആകെ | 175841 | 406913 | 582754 | 580904 | 1850 |

* ചെലവ് ഹെഡ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ലെഡ്ജർ പരിശോധിച്ചതിൽ ജേണൽ എൻട്രി മുഖേന Advance To Others ഹെഡ്ഡിലേയ്ക്ക് തുക ക്രമീകരിച്ചിരിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 10.10.2022 | 2021-22 | 21.06.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.09.20 മുതൽ 09.10.20 വരെ | 2015-16 മുതൽ 2019-20 വരെ | 12.11.2020 |

## 1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2022-23 വർഷം ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗിച്ച രസീത് ബുക്കിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) തുക ഒടുക്കിയ വ്യക്തിയ്ക്ക് നൽകേണ്ടുന്ന ഒറിജിനൽ രസീത് നൽകാതെ ഡ്യൂപ്ലിക്കേറ്റ് രസീതിനോടൊപ്പം രസീത് ബുക്കിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. ഉദാ - മേന്മ ക്യാന്റീൻ വാടകയിനത്തിൽ രസീത് നം.93/13.09.22 പ്രകാരം 12000 രൂപയും 97/13.01.23 പ്രകാരം 15000 രൂപയും ശ്രീമതി അജിത ഒടുക്കിയിട്ടുണ്ടെങ്കിലും രസീത് നൽകിയിട്ടില്ല.

ബി) രസീത് നം.99/10.02.23 പ്രകാരം Refund Of Amount Wrongly Credited To Kiran.V, Daily Wages ഇനത്തിൽ 36507 രൂപയുടെ വരവ് ഉണ്ട്. പ്രസ്തുത തുകയുടെ വിശദാംശം, തുക തെറ്റായി അനുവദിച്ചതിനുള്ള കാരണം, വരവ് തുക വാർഷിക ധനകാര്യപത്രികയിൽ ഏത് ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും തുകയുടെ ചെലവ് വിവരം എന്നിവ ലഭ്യമല്ല.

സി) രസീത് ബുക്കിലെ 100 വരെയുള്ള രസീതുകൾ ഉപയോഗിച്ച് തീർന്നതിനു ശേഷം പുതിയ രസീത് ബുക്ക് ഉപയോഗിക്കുന്നതിനു പകരം കമ്പ്യൂട്ടർ പ്രിന്റ് ഔട്ട് രസീതുകൾ (രസീത് നം. എഴുതി ചേർത്തിരിക്കുന്നു) ഉപയോഗിച്ചതിനുള്ള കാരണം വ്യക്തമല്ല.

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാനും പരിഹരിക്കുന്നതിനും ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.17/12.12.23 നുള്ള മറുപടി). ആധികാരികമായ രസീതുകൾ മാത്രമേ വരവ് ഇനങ്ങളുടെ കളക്ഷനു വേണ്ടി ഉപയോഗപ്പെടുത്തുന്നുള്ളുവെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതും രസീത് ബുക്ക് ഉപയോഗിക്കാതെ കമ്പ്യൂട്ടറിൽ നിന്നുള്ള പ്രിന്റ് ഔട്ട് രസീതുകൾ ഉപയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-12 ഉപയോഗശൂന്യമായ സാധനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

11.08.22 ലെ ഭരണസമിതി യോഗ തീരുമാനം 7/1 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ആഫീസിലെ ഉപയോഗശൂന്യമായ ഫർണിച്ചറുകളും ഇരുമ്പുസാധനങ്ങളും മൂല്യനിർണ്ണയം നടത്തി ലേലം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 20.08.22 ലെ നം.ബിപി4/992/18/പിറ്റിസിഡി കത്ത് പ്രകാരം അസി.എക്സി.എഞ്ചിനിയർ, എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിനോട് മേൽ സാധനങ്ങളുടെ മൂല്യനിർണയം നടത്തുന്നതിന് ആവശ്യപ്പെട്ടതായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കാണുന്നു. എന്നാൽ തുടർനടപടി വിവരം ഒന്നും തന്നെ ഫയലിൽ ഇല്ല. പ്രസ്തുത

വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 7/8.12.23 ന് അസി.എക്സി.എഞ്ചിനിയറിൽ നിന്നും നാളിതുവരെ റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നും ടി വിവരം ഭരണസമിതിയെ അറിയിച്ച് ലേലനടപടികൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എത്രയും വേഗം ലേലനടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 ലേലം - ഫയൽ, രജിസ്റ്റർ എന്നിവയിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്നില്ല

ബിപി4/223/21/പി.റ്റി.സി.ഡി നം. ലേല ഫയൽ, ലേല രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനമായ KL 22 D 4151 നം. ടാറ്റാ സുമോ ഗ്രാന്റ് കാർ 13.03.23 ന് ലേലം ചെയ്യുന്നതിനായി നടപടി സ്വീകരിക്കുകയും കൂടുതൽ തുക ക്വാട്ട് ചെയ്ത ശ്രീ.വിജയദാസ്.എ എന്നയാളുടെ 52700 രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. കൂടാതെ 14.03.23 ലെ ബിപി4/223/21/പി.റ്റി.സി.ഡി ഉത്തരവ് പ്രകാരം പ്രസ്തുത ലേലം ടിയാൾക്ക് ഉറപ്പിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ മേൽ വാഹനത്തിന്റെ പുനർലേലം 03.04.23 ന് നടത്തുന്നതിനായി പുനർലേല പരസ്യം നൽകുകയും ടി തീയതിയിൽ ലേലം നടത്തുകയും ചെയ്തിട്ടുള്ളതായി കാണുന്നു. പുനർലേലത്തിൽ കൂടുതൽ തുക ക്വാട്ട് ചെയ്ത ശ്രീ.രവികുമാർ.എസ് എന്നയാളുടെ 70600 രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുമുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആദ്യത്തെ ലേലം റദ്ദ് ചെയ്ത് പുനർലേലം നടത്തിയതിനുള്ള കാരണം ബന്ധപ്പെട്ട ഫയലിലോ രജിസ്റ്ററിലോ ഉൾപ്പെടുത്തിയിട്ടില്ല.
2. ആദ്യം അംഗീകരിച്ച ലേലം റദ്ദ് ചെയ്യുന്നതിനും പുനർലേലം ചെയ്യുന്നതിനും അനുമതി നൽകിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനം ഫയലിൽ ലഭ്യമല്ല.
3. 2 ലേലങ്ങൾ നടന്നതിന്റെയും വിവരങ്ങൾ ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലേലത്തിൽ വിജയിച്ചതാരെന്നോ ഉറപ്പിച്ച ലേല തുക സംബന്ധിച്ച വിവരങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/08.12.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ലേലം ഉറപ്പിച്ച് നൽകിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ലേല നടപടികളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും, രേഖകളും ബന്ധപ്പെട്ട ഫയലിൽ ഉൾപ്പെടുത്തുന്നതിനും ലേലരജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-14 വാടക സംബന്ധിച്ച അപാകതകൾ

1. 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 554275രൂപയുടെ ഡിമാന്റും (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഹെഡ് നം.130100101 പ്രകാരം) ആർപി 43 ഷെഡ്യൂൾ പ്രകാരം 554275 രൂപയുടെ കളക്ഷനും ഉണ്ട്. വരവ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടക ഒടുക്കിയ സ്ഥാപനം | 2022-23 ൽ ഒടുക്കിയ തുക | കാലയളവ് |
|---|---|---|---|
| 1 | മേന്മ വനിത ക്യാന്റീൻ | 43350 | 2/2022 മുതൽ 3/23 വരെ |
| 2 | അഗ്രോ സർവ്വീസ് സെന്റർ | 22440 | 4/22 മുതൽ 03/23 വരെ |
| 3 | മൈനർ ഇറിഗേഷൻ വകുപ്പ് | 95550 | വ്യക്തമല്ല * |
| 4 | മുണ്ടയ്ക്കൽ മിനി വ്യവസായ എസ്റ്റേറ്റ് | 392935 | 04/22 മുതൽ 03/23 വരെ |
| | ആകെ | 554275 | |

മുൻ വർഷങ്ങളിൽ ലഭിക്കാനുള്ള കുടിശ്ശിക ഉൾപ്പെടെ ഈ വർഷം ഡിമാന്റ് ചെയ്തതിനുള്ള കാരണം വ്യക്തമല്ല.

*ബന്ധപ്പെട്ട ഫയൽ നം. ബിപി4/68/20/പിറ്റിസിഡി പ്രകാരം 03/20 മുതൽ 03/22 വരെയുള്ള കുടിശ്ശികതുകയായ 113750 രൂപ ഒടുക്കണമെന്ന് അറിയിച്ചിരിക്കുന്നു (16.03.22 ലെ കത്ത്). 95550 രൂപയാണ് 2022-23 വർഷം ആകെ ഒടുക്കിയിട്ടുള്ളത് (21 മാസത്തെ വാടക - 4550 രൂപ നിരക്കിൽ). അത് കുടിശ്ശികയുണ്ടായിരുന്ന 03/20 മുതലുള്ളതാണെങ്കിൽ 11/21 വരെയുള്ള തുകയാണ് ഒടുക്കിയിട്ടുള്ളത്. എന്നാൽ 13.03.23 ലെ കത്ത് പ്രകാരം 03/22 മുതലുള്ള തുക ഒടുക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ 12/21 മുതൽ 02/22 വരെയുള്ള കാലയളവിലെ വാടക കുടിശ്ശിക മൈനർ ഇറിഗേഷൻ വകുപ്പ് ഒടുക്കിയിട്ടുള്ളതിന്റെ വിശദാംശം ലഭ്യമല്ല.

2. 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി 15 ഷെഡ്യൂൾ പ്രകാരം 864166 രൂപ Rent Receivables

From Building (Current) ഇനത്തിൽ ലഭിക്കാനുണ്ടായിരുന്നു. എന്നാൽ 2022-23 വർഷത്തെ ബാലൻസ് ഷീറ്റിലും അതേ തുക തന്നെ ലഭിക്കാനുള്ളതായി കാണുന്നു. അതായത് വാർഷിക ധനകാര്യപത്രിക പ്രകാരം, ലഭിക്കേണ്ടിയിരുന്ന കുടിശ്ശിക തുകയായ 864166 രൂപ 2022-23 ലും ലഭിച്ചിട്ടില്ല. ടി തുക വാർഷിക ധനകാര്യപത്രികയിൽ Rent Receivables From Building (Arrear) ഹെഡ്ഡിൽ മാറ്റാതെ Rent Receivables From Building (Current) ഹെഡ്ഡിൽ തന്നെ നിലനിർത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കുടിശ്ശികയുണ്ടായിരുന്ന മുൻ വർഷങ്ങളിലെ വാടക മേന്മ വനിതാ ക്യാന്റീൻ, മൈനർ ഇറിഗേഷൻ വകുപ്പ് എന്നിവർ ഒടുക്കിയിട്ടുമുണ്ട്. എന്നാൽ ലഭിക്കാനുള്ള കുടിശ്ശിക തുകയായ 864166 രൂപയിൽ നിന്നും പ്രസ്തുത തുകകൾ കുറവ് ചെയ്തിട്ടില്ല. 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം കുടിശ്ശികയായി കാണുന്ന മേൽ തുകയുടെ വിശദാംശങ്ങൾ (ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള തുകകളാണെന്നോ ഏത് കാലയളവിലുള്ളതാണെന്നോ ഉള്ള വിവരങ്ങൾ) ഒന്നും തന്നെ വാടക രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

3. വാടക രജിസ്റ്റർ, ലഭ്യമാക്കിയ ബിപി4/70/19/പിറ്റിഡിസി നം. ഫയൽ എന്നിവ പ്രകാരം കഴക്കൂട്ടം സബ് ട്രഷറി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ 2020 ജൂലൈ മുതലുള്ള വാടക ലഭിച്ചിട്ടില്ല. പ്രതിമാസ വാടക 26515 രൂപ നിരക്കിൽ 03/23 വരെ ആകെ 874995 രൂപ (33 മാസത്തെ വാടക) കുടിശ്ശിക നിലനിൽക്കുന്നു. എന്നാൽ 2022-23 ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനുള്ള ആകെ കുടിശ്ശിക 864166 രൂപ മാത്രമാണ്. മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും വാടക കുടിശ്ശിക ലഭ്യമാകാനുള്ള സാഹചര്യത്തിൽ ആകെ എത്ര രൂപയാണ് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ളതെന്ന് കണക്കാക്കി ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4. ലഭ്യമാക്കിയ വാടക രജിസ്റ്റർ പൂർണമല്ല. രജിസ്റ്ററിൽ ഡിസിബി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകുകയോ ഡിസിബി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

5. തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തയ്യാറാക്കണമെന്ന് 1.06.2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരം തയ്യാറാക്കിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. എല്ലാ മാസവും മുൻകൂറായി വാടക അടയ്ക്കേണ്ടതാണെങ്കിലും വാടക മുൻകൂറായി അടയ്ക്കുന്നതായി കാണുന്നില്ല. കൂടാതെ ഓരോ മാസവും കൃത്യമായി വാടക ഒടുക്കാതെ ഒന്നിലേറെ മാസങ്ങളിലെ വാടക ഒരുമിച്ച് ഒടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ പിഴപലിശ ഈടാക്കുന്നതായി കാണുന്നില്ല. ഉദാ-ക്യാന്റീൻ കെട്ടിടത്തിന്റെ 2/22 മുതൽ 4/22 വരെയുള്ള വാടക ഒടുക്കിയത് 04.07.22 നാണ്. 5/22 മുതൽ 8/22 വരെയുള്ള വാടക ഒടുക്കിയത് 13.09.22 നാണ്. എന്നാൽ പിഴപലിശ ഈടാക്കിയില്ല. കൂടാതെ മൈനർ ഇറിഗേഷൻ വകുപ്പ് വാടക കുടിശ്ശിക ഒടുക്കിയപ്പോഴും പലിശ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

7. 17.10.22 ലെ ഭരണസമിതി യോഗത്തിലെ ഇനം 5/1 നം. തീരുമാനം ചുവടെ ചേർക്കുന്നു.

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മംഗലപുരം ഗ്രാമപഞ്ചായത്തിലെ മുണ്ടയ്ക്കൽ മിനി വ്യവസായ എസ്റ്റേറ്റിൽ കരാർ അടിസ്ഥാനത്തിൽ വ്യവസായ യൂണിറ്റ് നടത്തുന്ന ശ്രീ.അനിൽകുമാർ, സരോവരം, അരിയോട്ടുകോണം, അണ്ടൂർക്കോണം എന്നയാൾ വാടക കുടിശ്ശിക അടയ്ക്കാത്തത് സംബന്ധിച്ച് ടിയാന് വക്കീൽ മുഖേന 17.12.2021 തീയതിയിൽ നോട്ടീസ് നൽകിയിരുന്നു. കുടിശ്ശിക അടയ്ക്കുന്നതിൽ വീഴ്ച്ച വരുത്തിയാൽ യാതൊരു അറിയിപ്പും കൂടാതെ നിയമനടപടികൾ സ്വീകരിക്കുന്നതിന് നോട്ടീസിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും 03.03.2022 ലെ അസി.ഡെവ.കമ്മീഷണർ(ജനറൽ) ന്റെ കത്ത് പ്രകാരം നടപടി നിർത്തി വയ്ക്കുകയും ടി വിഷയത്തിൽ സർക്കാരിൽ നിന്നും അറിയിപ്പ് ഉണ്ടാകുന്ന മുറയ്ക്ക് നിയമനടപടികളിലേക്ക് പോകാമെന്ന് 09.03.2022 ലെ 8(1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി തീരുമാനമെടുക്കുകയും ചെയ്തിരുന്നു. കോർ കമ്മിറ്റിയിൽ കുടിശ്ശിക വിഷയം ചർച്ച ചെയ്യാൻ കഴിയാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് നിയമനടപടികളിലേയ്ക്ക് പോകുന്നതിനോ, കുടിശ്ശികയിൽ ഇളവ് നൽകുന്നതിനോ തീരുമാനിക്കാമെന്ന് അറിയിപ്പിനെ തുടർന്ന് ടിയാനെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഭരണസമിതി അംഗീകരിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ ടിയാൻ 2022 സെപ്റ്റംബർ മാസം വരെയുള്ള കുടിശ്ശിക തുകയായ 28,58,797/-രൂപ രണ്ടാമതും വക്കീൽ നോട്ടീസ് കൈപ്പറ്റി ഒടുക്കുന്നതിന് തയ്യാറല്ലായെങ്കിൽ ടിയാനെ ഒഴിപ്പിക്കേണ്ടതാണെന്നും ആയതിന് വേണ്ട നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

കൂടാതെ 09.02.23 ലെ ഭരണസമിതി യോഗത്തിലെ ഇനം 3/4 നം. തീരുമാനം പ്രകാരം മേൽ വിഷയം സംബന്ധിച്ച് സർക്കാരിൽ നിന്ന് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും സർക്കാർ തീരുമാനം ലഭ്യമാകാത്തതിനാൽ ശ്രീ.അനിൽകുമാറിനെ മുണ്ടക്കൽ എസ്റ്റേറ്റിൽ നിന്ന് 31/3/2023ന് മുൻപ് ഒഴിപ്പിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപെടുത്തി തീരുമാനിച്ചു. 01.03.23 ലെ 6/1 തീരുമാനം പ്രകാരം പോലീസ് സഹായത്തോടെ കെട്ടിടം ഒഴിപ്പിക്കുന്നതിനായുള്ള നിയമപരമായ നടപടി

സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. മേൽ വിഷയത്തിലെ തുടർനടപടി വിവരം ലഭ്യക്കിയിട്ടില്ല.

8. 09.02.23 ലെ ഭരണസമിതി യോഗത്തിലെ ഇനം 3/1 നം. തീരുമാനം പ്രകാരം പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാന്റീൻ കെട്ടിടത്തിന്റെ വാടകയും അഗ്രോ സർവിസ് സെന്ററിന്റെ വാടകയും 15% വർദ്ധിപ്പിക്കുന്നതിന് തീരുമാനിക്കുകയും പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. എന്നാൽ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്യാന്റീൻ കെട്ടിടത്തിന്റെ വാടക മുൻകാല പ്രാബല്യത്തോടെ 01/23 മുതലും അഗ്രോ സർവിസ് സെന്ററിന്റെ വാടക 04/23 മുതലുമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 36/14.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ആവശ്യപ്പെട്ട രേഖകൾ/വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

## 1-15 ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല

ചുവടെ പറയുന്ന ഭരണസമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു.

| ഭരണസമിതി തീരുമാനം നം./തീയതി | വിഷയം |
|---|---|
| 4(3)/29.10.22 | ബാങ്ക് ഓഫ് ബറോഡയിൽ യിൽ നിലവിലുള്ള അക്കൗണ്ട് നമ്പർ 81460100001714 (പഴയ വിജയ ബാങ്ക് അക്കൗണ്ട് 1365 )ക്ലോസ്സ് ചെയ്യുന്നതിന് സർക്കാർ അനുമതി ലഭ്യ മാക്കുന്നതിനു സെക്രട്ടറിയെ ചുമതല പെടുത്തി തീരുമാനിച്ചു. |
| 4(4)/29.10.22 | സെൻട്രൽ ബാങ്കിൽ നിലവിലുള്ള അക്കൗണ്ട് നമ്പർ 3772497910 ക്ലോസ്സ് ചെയ്യുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനു സെക്രട്ടറിയെ ചുമതലപെടുത്തി തീരുമാനിച്ചു. |

തുടർനടപടി വിവരം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 6/08.12.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ലെന്നും തീർപ്പ് കൽപ്പിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ട്രാൻസാക്ഷൻ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-16 ബാങ്ക്ബുക്കിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല

1. LGTSB 799013000001140 ട്രഷറി തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, ട്രഷറി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ നിന്നും വരവ് തുകകൾ യഥാസമയം ബാങ്ക് ബുക്കിൽ ഉൾപ്പെടുത്തുന്നില്ല എന്നു കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക | അക്കൗണ്ടിൽ വരവ് വന്ന തീയതി | ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയ തീയതി |
|---|---|---|---|
| 1 | 12000 | 13.09.22 | 30.03.23 |
| 2 | 6003 | 19.09.22 | 30.03.23 |
| 3 | 11345 | 12.10.22 | 30.03.23 |
| 4 | 3740 | 17.10.22 | 30.03.23 |
| 5 | 283824 | 16.12.22 | 30.03.23 |

09/22 മുതലുള്ള വരവ് തുകകൾ എല്ലാം 30.3.23, 31.03.23 തീയതികളിലാണ് ബാങ്ക് ബുക്കിൽ വരവ് വന്നിട്ടുള്ളത്.

2. മേൽ അക്കൗണ്ടിന്റെ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം ചെക്ക് നം.8641740/28.03.23 പ്രകാരം 2680 രൂപയുടെ ചെലവ് കാണുന്നു. ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത ചെലവ് നടന്നിട്ടില്ല. എന്നാൽ ബാങ്ക് ബുക്കിൽ ടി തുകയുടെ ചെലവും വരവും രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനുള്ള കാരണം വ്യക്തമല്ല.
മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 48/14.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും 2680 രൂപയുടെ ചെക്ക് ക്യാൻസൽ ചെയ്തിട്ടുള്ളതാണെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതും ക്യാൻസൽഡ് ചെക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-17 അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1. സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19.04.22 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.8 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ ആയിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. ആയതിന്റെ അടിസ്ഥാനത്തിൽ 2022-23 വർഷം തയ്യാറാക്കിയ ആസ്തി സംരക്ഷണ പദ്ധതിയും ആസ്തികൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല

2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ ഉത്തരവ് (ആർ റ്റി) 166/2017 എൽ.എസ്.ജി.ഡി തീയതി 20-1-2017 പ്രകാരം നിലവിൽ വന്നിട്ടുണ്ട്. അതിൻ പ്രകാരം അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) രൂപീകരിച്ച് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) തയ്യാറാക്കേണ്ടതാണ്. ആസ്തികളുടെ പ്രതിമാസ, അർദ്ധവർഷ, വാർഷിക അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതും കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിതിന്റെയും യോഗം ചേരുകയും മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ കാലികമല്ല.

4. ബ്ലോക്ക് പഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഉദാ- 2022-23 വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം.89/23-ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് ഔദ്യോഗിക വാഹനം വാങ്ങൽ ന്റെ ഭാഗമായി വാങ്ങിയ വാഹനം (MARUTHI SUZUKI ERITIGA SMART HYBRID VXI(O)) ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.14/11.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 കുടിവെള്ള പ്രോജക്ട് - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ നിലനിൽക്കുന്നു

| | |
|---|---|
| പ്രോജക്ട് | പ്രോജക്ട് നം. 6/2023-<br>പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | **സെക്രട്ടറി** |
| ഫണ്ടിനം | CFC (Tied) |
| അടങ്കൽ | 25,45,897 |
| ചെലവ് | 25,45,060 |
| ബിൽ നം. | 106/25.11.22 |

ബ്ളോക്ക് പഞ്ചായത്ത് പരിധിയിലെ 5 ഗ്രാമ പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് രൂപീകരിച്ച പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പതിനാലാം സബ്സിഡി മാർഗ്ഗരേഖ ഖ.7 , പദ്ധതി മാർഗ്ഗരേഖ, ഖ.8.1(22) എന്നിവ പ്രകാരം, ഗ്രാമ പഞ്ചായത്ത് / നഗരഭരണ സ്ഥാപനങ്ങൾക്ക് കുടിവെള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും ബ്ളോക്ക് പഞ്ചായത്തുകൾക്ക് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ സമ്മതത്തോടെ കുടിവെള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുമാണ് അനുവാദം നൽകിയിട്ടുള്ളത്. മേൽ പ്രോജക്ടിന്റെ ഫയലിൽ ഇതു സംബന്ധിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച സമ്മത പത്രം ലഭ്യമാക്കിയിട്ടില്ല.

2. വിവിധ പഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള പ്രോജക്ടിനായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നിർവ്വഹിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ, Area Specify ചെയ്യുന്ന Detailed Estimate വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല. 01.07.23-ന് വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുള്ള വിനിയോഗ സാക്ഷ്യപത്രത്തിലും വിശദാംശം ഉൾക്കൊള്ളിച്ചിട്ടില്ല. ബ്ളോക്ക് പഞ്ചായത്തിലെ വിവിധ പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ നിർവ്വഹണ ഏജൻസികൾ മുഖേന നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം നിർവ്വഹണ ഏജൻസിയിൽ നിന്ന്

ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

3. കഠിനംകുളം, മംഗലാപുരം, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് രൂപീകരിച്ച മേൽ പ്രോജക്ടിൽ, 11.02% സെന്റേജ് ചാർജ്ജാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റി മുഖേന നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളിൽ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജ്ജ് ഒഴിവാക്കി, പിഡബ്ല്യൂഡി മാന്വൽ പ്രകാരമുള്ള 10% സെന്റേജ് ചാർജ്ജ് അടവാക്കുന്നതിനാണ് സർക്കാർ അനുവാദം നൽകിയിട്ടുള്ളത് (സ.ഉ(സാധാ)നം.1069/2018/ത.സ്വ.ഭ.വ. തീയതി.16.04.2018). വിഷയം വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപെടുത്തി പ്രോജക്ട് പൂർത്തീകരണ വേളയിൽ അധികമായി സെന്റേജ് ചാർജ്ജ് ഈടാക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4. മേൽ പ്രോജക്ടിന്റെ ഭാഗമായി അണ്ടൂർക്കോണം പഞ്ചായത്തിലെ കുടിവെള്ള പ്രോജക്ടിനായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നിർവ്വഹിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം (വാട്ടർ അതോറിറ്റി, ആറ്റിങ്ങൽ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 01.07.23-ലെ AB2/2023/WSDN/ATL) പ്രകാരം 2,40,810/- രൂപ ബാക്കി നിൽപുണ്ട്. തുക തിരികെ ലഭ്യമാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ച് വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

5. മേൽ വിനിയോഗസാക്ഷ്യപത്രം പ്രകാരം, Work Done Including Cost Of Material 4,09,232 ആയി രേഖപ്പെടുത്തിയിട്ടുണ്ട്. സെന്റേജ് ചാർജ്ജ് 60,707.32/- ആയും രേഖപ്പെടുത്തിയിരിക്കുന്നു. സെന്റേജ് ചാർജ്ജ് കണക്കാക്കിയിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. സ.ഉ(സാധാ)നം.1069/2018/ത.സ്വ.ഭ.വ. തീയതി.16.04.2018- മുഖേന ലഭ്യമാക്കിയ സ്പഷ്ടീകരണത്തിന് അനുസൃതമായാണ് സെന്റേജ് ചാർജ്ജ് കണക്കാക്കിയിട്ടുള്ളതെന്നും അധികം തുക ഈടാക്കിയിട്ടില്ല എന്നും ഉറപ്പു വരുത്തേണ്ടതാണ്.

മേൽ അപാകതകളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.19/11.12.23- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-19 പദ്ധതി മാർഗ്ഗനിർദ്ദേശം പ്രകാരമുള്ള പ്രോജക്ട് രൂപീകരണ നിയന്ത്രണം പാലിച്ചിട്ടില്ല

പതിനാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ. തീയതി.19.04.22 ) ഖ.3.5.8 പ്രകാരം നിർമ്മാണ പ്രോജക്ടുകൾ, വിവിധ വാങ്ങലുകൾ എന്നിവ ഒഴികെയുള്ള വിഷയങ്ങളിൽ, ബ്ലോക്ക് പഞ്ചായത്തുകൾ കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പ്രോജക്ടുകളേ ഏറ്റെടുക്കാൻ പാടുള്ളുവെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ട് രൂപീകരണത്തിൽ, പ്രസ്തുത മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട്നം./പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | CDPO | 93/ആരോഗ്യ കൗമാരം | 40,000 |
| 2 | സെക്രട്ടറി | 48/ തുടർ സാക്ഷരത | 74,000 |
| 3 | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 124/സ്ഥിരം കൃഷി | 1,00,000 |
| 4 | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 125/കേദാരം - സമഗ്ര നെൽകൃഷി വികസനം | 195500 |
| 5 | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 46/തരിശ് ഭൂമി കൃഷി | 351760 |
| 6 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 127/സുഭിക്ഷ കേരളം-പശു വളർത്തൽ 2020-21-ഗുണഭോക്താവിന് വിഹിതം നൽകൽ | 30,000 |

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.44/14.12.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വർഷങ്ങളിലെ പ്രോജക്ട് രൂപീകരണത്തിൽ, വിഷയത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ പ്രോജക്ടുകൾ - വിനിയോഗസാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ ചുവടെ

ചേർക്കുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ / പഞ്ചായത്തുകളിൽ നിന്ന് ലഭിച്ചിട്ടുള്ള വിനിയോഗസാക്ഷ്യ പത്രം ലഭിക്കാൻ അവശേഷിക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 1 | നം.54/ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതി ജനറൽ | 570000 | വികസന ഫണ്ട് |
| 2 | നം. 107/ ആശ്രയ -അഗതി രഹിത കേരളം ബ്ളോക്ക് വിഹിതം നൽകൽ | 30,000 | വികസന ഫണ്ട് |
| 3 | നം.55/ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതി എസ് സിപി | 1,00,000 | വികസന ഫണ്ട് (SCP) |
| 4 | 101/ന്യൂ ലൈഫ് ലക്ഷം വീട് കോളനി പുനരുദ്ധാരണം ബ്ളോക്ക് വിഹിതം എസ്,സി.പി. | 322490 | SCP |
| 5 | 36/ന്യൂ ലൈഫ് പഞ്ചായത്ത് വിഹിതം (SCP) (SO) | 627510 | SCP |

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31/13.12.23- നുള്ള മറുപടിയിൽ, വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ, സാമ്പത്തിക വർഷം അവസാനിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 വജ്രജൂബിലി ഫെല്ലോഷിപ്പ് - കലാകാരന്മാർക്ക് ധനസഹായം - ചെലവ് രേഖ ലഭ്യമല്ല - 90,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് | പ്രോജക്ട് നം. 50/22 വജ്രജൂബിലി ഫെല്ലോഷിപ്പ് - കലാകാരന്മാർക്ക് ധനസഹായം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | **സെക്രട്ടറി** |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | 3,82,500 |
| ചെലവ് | 3,37,500 |
| ബിൽ നം. / തീയതി | (I)40/16.09.22-60,000<br>(Ii)46/19.09.22-30,000<br>(Ii)70/21.10.22-30,000<br>(Iii)119/03.12.22-60,000<br>(Iv)243/09.02.23-60,000<br>(V)372/29.03.23-97,500 |

സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 15.02.2022-ലെ പി1- 1740/2022/സാം.വ. നമ്പർ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ സെന്ററുകളിൽ കലാപ്രവർത്തകരെ സൗജന്യ സാമൂഹ്യ കലാ പരിശീലനത്തിന് നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. കലാകാരന്മാർക്ക് ഫെല്ലോഷിപ്പ് അനുവദിക്കുന്നതിന് രൂപീകരിച്ച മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 3,37,500/- രൂപയാണ്. പ്രോജക്ട് ഫയലിൽ, 2,47,500/- രൂപയുടെ ബില്ലുകളാണ് ലഭ്യമാക്കിയിട്ടുള്ളത്. ACR പ്രകാരമുള്ള, ബിൽ നം.70/21.10.22-30,000,ബിൽ നം.119/03.12.22-60,000 എന്നീ ചെലവുകളുടെ ബില്ലുകൾ, അനുബന്ധരേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 90,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. ബില്ല്, ചെലവ് സാധൂകരിക്കുന്ന അനുബന്ധരേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. പഠിതാക്കളുടെ അപേക്ഷ, Centrewise Attendance Details എന്നിവ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് ഫയലിനൊപ്പം കലാകാരന്മാരുടെ ഹാജർ അടിസ്ഥാനമാക്കിയാണ്, പഠിതാക്കളുടെ ഹാജർ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. തുടർ വർഷങ്ങളിൽ, സെന്റർ അടിസ്ഥാനമാക്കി പഠിതാക്കളുടെ ഹാജർ, അപേക്ഷ എന്നിവ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 42 /14.12.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 പിഎംഎവൈ ഭവന പദ്ധതി - വീട് പൂർത്തിയാക്കാനവശേഷിക്കുന്നു - തുടർ നടപടി സ്വീകരിക്കേണ്ടതാണ്

പിഎംഎവൈ ഗുണഭോക്തൃ രജിസ്റ്റർ പ്രകാരം, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ പിഎംഎവൈ ഭവനനിർമ്മാണ പ്രോജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ വീട് പൂർത്തിയാക്കാനവശേഷിക്കുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/13.12.23-ന് ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | ഗുണഭോക്താവ് | ആകെ അനുവദിച്ച തുക / ആദ്യ ഗഡു അനുവദിച്ച തീയതി | നിലവിലെ സ്ഥിതി/ അപാകത |
|---|---|---|---|
| 1 | ശ്രീമതി. ശാന്ത/ ശ്രീ. ശിവാനന്ദൻ (അഴൂർ) | 3,76,000 / 28.08.20 | വീട് പൂർത്തികരിച്ചിട്ടുണ്ട്. തുക അനുവദിക്കാനവശേഷിക്കുന്നു. |
| 2 | ശ്രീമതി. ഷൈജ (അണ്ടൂർകോണം) | 48,000/13.03.20 | വീട് പണി ആരംഭിച്ചിട്ടില്ല. RR നടപടിക്ക് റെക്കമെന്റ് ചെയ്തു. |
| 3 | ശ്രീമതി. യമുന/ ശ്രീ. ജഗന്നാഥൻ (അഴൂർ) | 48,000/-/02.03.21 | വീട് പണി ആരംഭിച്ചിട്ടില്ല. RR നടപടിക്ക് റെക്കമെന്റ് ചെയ്തു. |
| 4 | ശ്രീ.ബൈജു (അണ്ടൂർകോണം) | 48,000/- Nil | വീട് പണി ആരംഭിച്ചിട്ടില്ല. RR നടപടിക്ക് റെക്കമെന്റ് ചെയ്തു. |
| 5 | ശ്രീമതി. തമ്പി (അഴൂർ) | 1,60,000/- 29.09.21 | വീട് പണി തുടങ്ങി. |
| 6 | ശ്രീമതി. സിന്ധു എൽ, (അണ്ടൂർക്കോണം GP) | 2,16,000 | ലിന്റൽ പൂർത്തീകരിച്ചതായി VEO സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ, ആയത് സാധൂകരിക്കുന്ന ഫോട്ടോ ഉൾപ്പെടുത്തിയിട്ടില്ല. |
| 7 | ശ്രീമതി. സുശീല(അഴൂർ) | 48,000/ 29.09.21 | വീട് പണി ആരംഭിച്ചിട്ടില്ല. RR നടപടിക്ക് റെക്കമെന്റ് ചെയ്തു. |
| 8 | ശ്രീമതി. സുമാദേവി (മംഗലാപുരം) | 1 ,18000/19.12.20 | വീട് പൂർത്തീകരിച്ചിട്ടില്ല. RR നടപടിക്ക് റെക്കമെന്റ് ചെയ്തു. |
| 9 | ശ്രീമതി. ഗീതാ കുമാരി | 3,76,000/19.12.20 | വീട് പൂർത്തീകരിച്ചിട്ടില്ല. |
| 10 | ശ്രീ. സൈജു/ ചിന്നു (മംഗലാപുരം) | 48,000/21.01.21 | വീട് പണി ആരംഭിച്ചിട്ടില്ല. RR നടപടിക്ക് റെക്കമെന്റ് ചെയ്തു. |
| 11 | ശ്രീമതി. പുഷ്പവല്ലി | 3,76,000/25.01.21 | വീട് പൂർത്തീകരിച്ചിട്ടുണ്ട്. തുടർനടപടി അവശേഷിക്കുന്നു. |
| 12 | ശ്രീമതി. രാജമ്മ (മംഗലാപുരം) | 2,30,000 /29.09.21 | വീട് പൂർത്തീകരിച്ചിട്ടില്ല. RR നടപടിക്ക് റെക്കമെന്റ് ചെയ്തു. |
| 13 | ശ്രീമതി. | 48,000 / 29.09.21 | വീട് പണി ആരംഭിച്ചിട്ടില്ല. RR |

| | | | |
|---|---|---|---|
| | വിജയകുമാരി | | നടപടിക്ക് റെക്കമെന്റ് ചെയ്യു. |

മേൽ ഗുണഭോക്താക്കളുടെ വിഷയത്തിൽ, MGNREGS പ്രോഗ്രാമിൽ ഉൾപ്പെടുത്തി വീട് പണി പൂർത്തീകരിക്കാനാകുന്ന സാഹചര്യം, സന്നദ്ധ സേവകരുടെ സഹായം എന്നിവ പരിഗണിക്കാവുന്നതാണ്. വിഷയത്തിൽ, തുടർ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 IEO ഓഫീസ് അടിസ്ഥാന സൗകര്യ വികസനം - കംപ്യൂട്ടറിന് അധിക തുക അടവാക്കി

| | |
|---|---|
| പ്രോജക്ട് | പ്രോജക്ട് നം. 115 - IEO ഓഫീസ് അടിസ്ഥാന സൗകര്യ വികസനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | **വ്യവസായ വികസന ഓഫീസർ** |
| ഫണ്ടിനം | MF(NR) |
| അടങ്കൽ | 12,794 |
| ചെലവ് | 12,794 |
| ബിൽ നം./തീയതി | 130/07.12.22 |

മുൻ വർഷം നടപ്പിലാക്കിയ IEO ഓഫീസ് അടിസ്ഥാന സൗകര്യ വികസനം പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ കംപ്യൂട്ടറിന്റെ അധിക തുക നൽകുന്നതിനായി രൂപീകരിച്ച പ്രോജക്ട്.

ഫയലിനൊപ്പം Keltron IT Business Group-ന്റെ 25.08.22-ലെ ബില്ലാണ് സമർപ്പിച്ചിട്ടുള്ളത്. മുൻ വർഷത്തെ ചെലവ് വിശദാംശം, പ്രജക്ട് വിവരങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/ 11.12.23-നുള്ള മറുപടിയായി സമർപ്പിച്ച രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലെ വിശദാംശം ചുവടെ ചേർക്കുന്നു.

1. 2021-22 സാമ്പത്തിക വർഷം, ഐ.ഇ.ഒ. ഓഫീസ് അടിസ്ഥാന സൗകര്യ വികസനം പ്രോജ.നം.SO120/22 -ൽ ഉൾപ്പെടുത്തി കെൽട്രോണിൽ നിന്ന് കംപ്യൂട്ടർ വാങ്ങുന്നതിന് 09.03.22- ലെ ജനറൽ കമ്മിറ്റിയുടെ 11(6) നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

2. 26.02.22-ലെ Ref. No.TVM/ITBG/PI/RC/35793/20-21 നമ്പരായി കെൽട്രോൺ 30,004/- രൂപയുടെ Proforma Invoice ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഇൻവോയിസിൽ ഓർഡറിന്റെ വാലിഡിറ്റി 31.03.2022- ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, 23.02.22-ലെ BRN.21010563002401423134 നമ്പർ ബിൽ പ്രകാരം 30,004/- രൂപ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ പ്രോജക്ട് മുഖേന കെൽട്രോണിന് അടവ് വരുത്തിയിട്ടുണ്ട്.

3. കെൽട്രോൺ കംപ്യൂട്ടർ വിതരണം ചെയ്യാത്തതിനെതുടർന്ന്, ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ നൽകിയ ഇ-മെയിലിന് 22.08.22-ന് കെൽട്രോൺ ലഭ്യമാക്കിയ മറുപടിയിൽ, വർക്ക് ഓർഡർ നൽകിയിട്ടില്ലാത്തതിനാൽ, പഴയനിരക്കിൽ കംപ്യൂട്ടർ വിതരണം ചെയ്യാൻ കഴിയില്ല എന്നറിയിക്കുകയും പുതിയ നിരക്കിലെ അധിക തുക അടവാക്കാനാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

4. 28.08.22-ലെ പുതിയ ഇൻവോയിസ് പ്രകാരമുള്ള 42,797/- രൂപയിൽ അടവാക്കിയ തുക 30,004/- രൂപ കിഴിച്ചുള്ള 12,794/- രൂപ അടവാക്കുന്നതിന് 2022-23 സാമ്പത്തിക വർഷം മേൽ പ്രോജക്ട് രൂപീകരിച്ച് തുക അടവാക്കിയിട്ടുണ്ട്. ഇത്തരത്തിൽ കെൽട്രോണിന് 12,794/- രൂപ അധികമായി അടവാക്കിയിട്ടുണ്ട്.

മുൻ വർഷ പ്രോജക്ട് പ്രകാരം, ലഭ്യമാക്കിയ ഇൻവോയിസിൽ ഓർഡറിന്റെ വാലിഡിറ്റി 31.03.2022- ആയിരിക്കെ തുക 23.02.22-ന് അടവാക്കുകയും ചെയ്ത സാഹചര്യത്തിൽ, വർക്ക് ഓർഡർ നൽകിയില്ല എന്ന സാങ്കേതിക കാരണത്താൽ, അധികതുക അടവാക്കേണ്ടി വന്ന സാഹചര്യം കെൽട്രോൺ ഐടി ബിസിനസ്സ് ഗ്രൂപ്പിന്റെ ശ്രദ്ധയിൽപെടുത്തി, അധികമായി അടവാക്കിയ തുക തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഭാവിയിൽ ഇത്തരം സാഹചര്യം ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-24 സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

| | |
|---|---|
| പദ്ധതി നമ്പർ | 46/23 |
| പദ്ധതിയുടെ പേര് | തരിശു ഭൂമി കൃഷി |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ ( കൃഷി) |
| അടങ്കൽ തുക | 351760/-(വികസന ഫണ്ട്) |
| ചെലവായ തുക | 342676/- |
| ബിൽ നമ്പർ/ തീയതി | 90/18.11.22, 160120/- |

| | |
|---|---|
| | 137/8.12.22, 38184/-<br>218/31.01.23, 144372/- |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള തരിശ് ഭൂമിയെ കൃഷിയോഗ്യമാക്കുക എന്നതാണ് ഈ പ്രോജക്റ്റ് വിഭാവനം ചെയ്യുന്നത്. പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കൃഷിയിടത്തിന്റെ ഫാം പ്ലാൻ, വിള ഇൻഷുറൻസ് സ്കീമിന്റെ ഭാഗമായതിന്റെ വിശദാംശങ്ങൾ, പാട്ടകൃഷിയാണെന്ന നിർവഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ്, ആനുകൂല്യം ലഭിച്ച ഗ്രൂപ്പ് കൃഷി ഭവനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതിന്റെ വിശദാംശങ്ങൾ, തരിശു ഭൂമിയാണെന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല.

2. 14-ാം സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ (കൈ) നം. 115/2022/തസ്വഭവ, തീയതി 28.05.22) തരിശ് ഭൂമി കൃഷി ചെയ്യുന്ന കർഷകർക്കുള്ള ആനുകൂല്യം രണ്ട് തവണകളായി നൽകാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ ആനുകൂല്യം ഒറ്റത്തവണയായി നൽകിയിരിക്കുന്നു. ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-25 ടേക്ക് എ ബ്രേക്ക് ടോയ്ലറ്റ് കോംപ്ലക്സ് -പ്രവർത്തനം ആരംഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 102/23 |
| പ്രോജക്റ്റിന്റെ പേര് | ടേക്ക് എ ബ്രേക്ക് പദ്ധതി വേങ്ങോട് |
| അടങ്കൽ | 21,22,439/- രൂപ ( ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 6,74,823/- രൂപ ( ധനകാര്യ കമ്മീഷൻ അവാർഡ്) |

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ വേങ്ങോട് ഫാമിലി ഹെൽത്ത് സെന്ററിനോട് ചേർന്ന് ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ടോയ്ലറ്റ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടേക്ക് എ ബ്രേക്കിന്റെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് 13.12.2023 ന് 2.30 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ സൈറ്റ് വേരിഫിക്കേഷൻ നടത്തിയതിൽ നിലവിൽ ടോയ്ലറ്റ് കോംപ്ലക്സ് പ്രവർത്തിക്കുന്നില്ല എന്ന് കണ്ടെത്തി. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 37/14.12.2023 ന് മറുപടി ലഭിച്ചിട്ടില്ല. സ. ഉ (സാധാ) നം. 1401/2020 ലെ (XI ബി) ഖണ്ഡിക പ്രകാരം ദേശീയ/സംസ്ഥാന പാതയുടെ സമീപത്ത് സ്ഥിതിചെയ്യുന്ന സർക്കാർ സ്കൂളുകളുടെയോ, പൊതുസ്ഥാപനങ്ങളുടെയോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയോ സ്ഥലത്ത് ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ടോയ്ലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിനാണ് മുൻഗണന നൽകേണ്ടത്. എന്നാൽ പ്രസ്തുത ടേക്ക് എ ബ്രേക്കിന് കണ്ടെത്തിയിട്ടുള്ള സ്ഥലം ദേശീയ/സംസ്ഥാന പാതയിൽ നിന്ന് മാറിയാണ് സ്ഥിതി ചെയ്യുന്നത്. ദേശീയ/സംസ്ഥാന പാതയിൽ യാത്ര ചെയ്യുന്ന ദീർഘദൂര യാത്രക്കാരുടെ ഉപയോഗ സാധ്യത പരിഗണിക്കാതെയാണ് ടോയ്ലറ്റ് കോംപ്ലക്സിന് സ്ഥലം തെരഞ്ഞെടുത്തിട്ടുള്ളത്. പൊതുപണം ഉപയോഗിച്ച് നിർമ്മിക്കുന്ന ഇത്തരം കെട്ടിടങ്ങൾ യാത്രക്കാർക്ക് പ്രയോജനപ്രദമാകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കിയ സാഹചര്യത്തിൽ ടോയ്ലറ്റ് കോംപ്ലക്സ് എത്രയും വേഗം പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം കൈക്കൊണ്ട് വിവരം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് പ്രാധാന്യം നൽകി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 അസി. എക്സി. എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ-97868 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് | 129/23, അസി. എക്സി. എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ തുക | 1,00,000/- (മെയന്റിൻസ് ഫണ്ട് റോഡിതരം) |
| ചെലവ് തുക | 97868/- (മെയന്റിൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം./തീയതി | 340/22.03.23, 40252/-<br>339/22.03.23, 57616/- |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സി. എഞ്ചിനീയർ |

അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയത്തിലെ ഉപയോഗത്തിന് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി 97868 രൂപ മേൽ പ്രോജക്ട് പ്രകാരം KELTRON ന് നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ ലഭിച്ചത് സാധൂകരിക്കുന്ന രേഖകളോ, സ്റ്റോക്ക് വിശദാംശങ്ങളോ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/13.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുപണം ഉപയോഗിച്ച് വാങ്ങുന്ന സ്റ്റോറുകൾക്ക് കേരള ഫിനാൻഷ്യൽ കോഡ് , സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾ അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് വരെ 97868/- രൂപ തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിനെ അറിയിച്ച് തടസ്സം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 പൊതുമരാമത്ത് പ്രവൃത്തി - കരാറിലെ നിബന്ധനകൾ കാലികമാക്കണം

ഓഡിറ്റ് വർഷത്തിൽ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾകൊള്ളിച്ചുകൊണ്ടല്ല. വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണ്. എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കി വരുന്നത്. ഈ കരാറിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസിലാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്ക തന്നെ DAR ഉം DSR ഉം നടപ്പിലാക്കിയിട്ടുണ്ട്. ഇവ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD Specification ആണ്. കൂടാതെ ഗ്രാമീണ റോഡുകൾക്ക് MORD Specification ആണ് ഉപയോഗിക്കുന്നത്. കാലഹരണപ്പെട്ട വ്യവസ്ഥകൾ കരാറിൽ നിലനിർത്തുന്നത് നിയമപരമല്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/13.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ ലംഘനങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ കോടതി വ്യവഹാരങ്ങളിലേക്ക് പോകുമ്പോൾ ഇത്തരം നിബന്ധനകൾ പഞ്ചായത്തിന് അനുകൂലമാകില്ല എന്നതിനാൽ നിലവിലെ കരാർ നിബന്ധനകൾ കാലികമായി പരിഷ്കരിക്കുവാൻ അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-28 റോഡ് മാപ്പിന്റെ അഭാവം - റോഡ് നിർമ്മാണം- നിയമവ്യവസ്ഥ പരിശോധിക്കാൻ സാധിച്ചില്ല.

പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) 84/2022/തസ്വഭവ തീ.19.04.22 ഖ.8.14(3) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. 2022-23 വർഷം ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തിയ റോഡ് പ്രവൃത്തികളിൽ മേൽ വ്യവസ്ഥ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന റോഡുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള റോഡ് മാപ്പ് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 43/14.12.2023) മറുപടി നൽകിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന റോഡുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള റോഡ് മാപ്പ് തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 ചെലവ് രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പദ്ധതി നമ്പർ | 2/23 |
| പദ്ധതിയുടെ പേര് | സ്നേഹസ്പർശം |
| നിർവഹണ ഉദ്യോഗസ്ഥൻ | Child Development Project Officer |
| അടങ്കൽ തുക | 3106500 (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവായ തുക | 3078000 (വികസന ഫണ്ട് പൊതുവിഭാഗം) |
| ബിൽ നമ്പർ/ തീയതി | 61/13.10.22 940500/-<br>65/20.10.22 470250/-<br>71/25.10.22 263625/-<br>72/27.10.22 163875/-<br>90/18.11.22 21375/-<br>94/21.11.22 577125/-<br>96/22.11.22 7125/-<br>97/22.11.22 99750/- |

| | |
|---|---|
| | 109/28.11.22 71250/-<br>110/29.11.22 220875/-<br>139/8.12.22 106875/-<br>293/03.03.23 21375/-<br>294/03.03.23 21375/-<br>329/15.03.23 85500/-<br>365/28.03.23 7125/- |

മേൽ പദ്ധതിയുടെ ഭാഗമായി മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ഇനി പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് അഴൂർ -356250/-, അണ്ടൂർക്കോണം-541500/-, പോത്തൻകോട് - 584250/-, മംഗലപുരം - 570000/-, കഠിനംകുളം - 1054500/- എന്നിങ്ങനെ ആകെ 3106500/-രൂപ വകയിരുത്തിയിട്ടുണ്ട്. ചെലവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി അഴൂർ, കഠിനംകുളം എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 334875/-, 969000/- എന്നിങ്ങനെയാണ് തുക അനുവദിച്ചത്. മംഗലപുരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച 570000/- രൂപ ഉൾപ്പെടെ ആകെ 1873875/- രൂപ അനുവദിച്ചതിന്റെ ബില്ലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്.

2. അണ്ടൂർക്കോണം, പോത്തൻകോട് എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/23 തീ.14.12.23) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടുമായി ബന്ധപ്പെട്ട പൂർണമായ ചെലവ് രേഖകളും വിനിയോഗസാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-30 ബഡ്സ് സ്കൂൾ ബ്ലോക്ക് വിഹിതം - രേഖകൾ ഹാജരാക്കിയില്ല - 1000000/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി നമ്പർ | 39/23 |
| പദ്ധതിയുടെ പേര് | ബഡ്സ് സ്കൂളിന്റെ ഭക്ഷണ വിതരണത്തിനും മറ്റ് അനുബന്ധ പ്രവർത്തങ്ങൾക്കും ബ്ലോക്ക് വിഹിതം |
| നിർവഹണ ഉദ്യോഗസ്ഥൻ | Child Development Project Officer |
| അടങ്കൽ തുക | 1000000/- |
| ചെലവായ തുക | 1000000/- |
| ബിൽ നമ്പർ/ തീയതി | 42/17.09.22, 500000/-<br>48/19.09.22, 500000/- |

മംഗലപുരം, പോത്തൻകോട് എന്നീ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന്റെ ഭക്ഷണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനാണ് തുക വകയിരിത്തിയിരിക്കുന്നത്. ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ചുവടെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1) പോത്തൻകോട് ഗ്രാമപഞ്ചായത്തിന് തുക കൈമാറിയതിന്റെ (500000/-) രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

2) മംഗലപുരം ഗ്രാമപഞ്ചായത്തിന് തുക കൈമാറിയതായി സൂചിപ്പിക്കുന്ന ബില്ലിൽ (ബിൽ നം.2202055205640058l195 തീ.27.09.22) രേഖപ്പെടുത്തിയിരിക്കുന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ടതല്ല.

3) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/23 തീ. 14.12.2023) മറുപടി നൽകിയില്ല. രേഖകളുടെ അഭാവത്തിൽ 1000000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 പകൽ വീട് ബ്ലോക്ക് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

1) വയോജന പരിപാലത്തിനായി മംഗലപുരം പഞ്ചായത്തിലെ പകൽ വീട് പ്രവർത്തനങ്ങൾക്കായി മംഗലപുരം പഞ്ചായത്തിന് തുക കൈമാറുക എന്നതാണ് പദ്ധതി.

| | |
|---|---|
| പദ്ധതി നമ്പർ | 12/23 |

| | |
|---|---|
| പദ്ധതിയുടെ പേര് | പകൽ വീട് - ബ്ലോക്ക് വിഹിതം |
| നിർവഹണ ഉദ്യോഗസ്ഥൻ | Child Development Project Officer |
| അടങ്കൽ തുക | 300000/- |
| ചെലവായ തുക | 300000/- |
| ബിൽ നമ്പർ/ തീയതി | 49/19.09.22 |

2) പകൽവീട് വയോജന പരിപാലത്തിനായി ഭക്ഷണ വിതരണം ഉൾപ്പെടെയുള്ള ചെലവുകൾക്കായി അഴൂർ, കഠിനംകുളം ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകുക എന്നതാണ് പദ്ധതി.

| | |
|---|---|
| പദ്ധതി നമ്പർ | 38/23 |
| പദ്ധതിയുടെ പേര് | പകൽ വീട്- ദൈനംദിന പ്രവർത്തനം |
| നിർവഹണ ഉദ്യോഗസ്ഥൻ | Child Development Project Officer |
| അടങ്കൽ തുക | 300000/- |
| ചെലവായ തുക | 207614/- |
| ബിൽ നമ്പർ/ തീയതി | 104/24.11.22 |

ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയതിന്റെ വിശദാംശങ്ങളും വിനിയോഗസാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 34/14.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-32 ഫസ്റ്റ് ചെക്ക് ക്യാൻസർ പരിശോധന - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പദ്ധതി നമ്പർ | 88/23 |
| പദ്ധതിയുടെ പേര് | ഫസ്റ്റ് ചെക്ക് ക്യാൻസർ പരിശോധന ഫീസ് |
| നിർവഹണ ഉദ്യോഗസ്ഥൻ | Child Development Project Officer |
| അടങ്കൽ തുക | 925000/- |
| ചെലവായ തുക | 925000/- |
| ബിൽ നമ്പർ/ തീയതി | 266/20.02.23 |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 5 പഞ്ചായത്തുകളിലെയും 50 വയസ്സിനു മുകളിൽ പ്രായമുള്ള വനിതകളുടെ ക്യാൻസർ പരിശോധന നടത്തി, രോഗമുള്ളവരെ കണ്ടെത്തി അവർക്ക് തുടർചികിൽസ നൽകുക എന്നതാണ് പദ്ധതി. അതിനായി ബ്ലോക്ക് പഞ്ചായത്ത് RCC -യുമായി 18.04.2023 - ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. മുൻവർഷവും ഇതേ വിഷയത്തിൽ പ്രോജക്ട് രൂപീകരിച്ച് തുക കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ ചുവടെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1) ആർസിസി അധികൃതരുമായി 18.04.23 ൽ ഒപ്പുവെച്ചിട്ടുള്ള എം.ഒ.യു വിലെ ക്രമ നം. 4(i) പ്രകാരം 18.04.23 മുതൽ 30.03.24 വരെയുള്ള കാലയളവിൽ 13 ക്യാൻസർ പരിശോധന ക്യാമ്പുകൾ സംഘടിപ്പിക്കുമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എത്ര ക്യാമ്പുകൾ നടത്തി എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

2) എം.ഒ.യു വിലെ ക്രമ നം. 4(iv) പ്രകാരം ക്യാമ്പിൽ പങ്കെടുക്കുന്നവരിൽ തുടർ പരിശോധന ആവശ്യമുള്ളവർക്ക് ആർ.സി.സി.യിൽ ക്ലിനിക്കൽ പരിശോധന നടത്തുമെന്നതാണ് വ്യവസ്ഥ. എത്ര പേർക്കാണ് തുടർ പരിശോധന ആവശ്യമായി വന്നിട്ടുള്ളത്, ആയതിന് ചെലവായ തുക എന്നീ വിവരങ്ങൾ ലഭ്യമാക്കിയില്ല.

3) എം.ഒ.യു വിലെ ക്രമ നം. 4(v)9 പ്രകാരം, അനുവദിച്ച തുകയിൽ 50000 രൂപ ബാക്കിയാകുമ്പോൾ ആർസിസി ആവശ്യപ്പെടുന്ന സമയം തുടർചെലവിനുള്ള തുക പഞ്ചായത്ത് അനുവദിക്കണമെന്നാണ് വ്യവസ്ഥ. ഈ സാഹചര്യത്തിലാണോ മുൻവർഷത്തെ കരാറിനെ തുടർന്ന് 18.04.2023 വീണ്ടും കരാർ ചമച്ചത് എന്നതും RCC- യുടെ അക്കൗണ്ടിൽ പ്രസ്തുത പദ്ധതിയ്ക്കായി എത്ര രൂപ ബാക്കി നിൽക്കുന്നുവെന്നും വ്യക്തമാക്കിയിട്ടില്ല.

4) എം.ഒ.യു വിലെ ക്രമ നം. 5 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന തുകയുടെ ചെലവുമായി ബന്ധപ്പെട്ട് ആർസിസി വിശദമായ അക്കൗണ്ട് പരിപാലിക്കുമെന്നാണ് വ്യവസ്ഥ. എന്നാൽ വിനിയോഗിച്ചിട്ടുള്ള തുകയുടെ

സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.47/14.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിംഗ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കേണ്ടതും യഥാവിധി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. ആർസിസിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-33 പുത്തൻതോപ്പ് സി.എച്ച്.സി-വാഹന പരിപാലനം

1. പുത്തൻതോപ്പ്, സി.എച്ച്.സിയിലെ KL-01 CU 7443 നം. ആംബുലൻസിന്റെ ലോഗ് ബുക്ക് (24.05.22 മുതലുള്ളത്) പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) പ്രതിമാസ ലോഗ് ബുക്ക് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. 24.05.22 മുതൽ 30.07.22 വരെയുള്ള മാസങ്ങളിലെ ലോഗ് ബുക്ക് സംക്ഷിപ്തം ഒന്നിച്ച് 01.08.22 നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ബി) ഫ്യൂവൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാഹനത്തിൽ ഇന്ധനം നിറച്ചത് സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ബില്ലുകൾ ഉൾപ്പെടുത്തിയിട്ടില്ല.

സി) G.O(Rt)No.582/75/PW തിയതി 05.05.1975 പ്രകാരം ഓരോ വർഷവും ഫ്യൂവൽ ടെസ്റ്റ് നടത്തേണ്ടതാണ്. എന്നാൽ വാഹനത്തിന്റെ Fuel Consumption Certificate ലോഗ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അവസാനമായി ടെസ്റ്റ് നടത്തിയതെന്നെന്ന് വ്യക്തമല്ല.

ഡി) പൊല്യൂഷൻ ടെസ്റ്റ്, ഫിറ്റ്നെസ് ടെസ്റ്റ് എന്നിവ നടത്തിയതിന്റെ രേഖകൾ ലോഗ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ധനകാര്യ വകുപ്പിന്റെ 22-10-2020 ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ 30-11-2020 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ പ്രസ്തുത സൈറ്റ് പരിശോധിച്ചതിൽ മേൽ വാഹനത്തിന്റെ വിവരം സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 46/14.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ വാഹനത്തിന്റെ വിവരം "VEELS" സൈറ്റിൽ രജിസ്റ്റർ ചെയ്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-34 പാരാമെഡിക്കൽ സ്റ്റാഫുകളുടെ വേതനം - പദ്ധതികളിലെ അപാകതകൾ

2022-23 വർഷം മെഡിക്കൽ ഓഫീസർ (അണ്ടൂർക്കോണം സി.എച്ച്.സി), മെഡിക്കൽ ഓഫീസർ (പുത്തൻതോപ്പ് സി.എച്ച്.സി)എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് വേതനം നൽകുന്നതിനായി ഓരോ പ്രോജക്ട് വീതം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകളിലെ അപാകതകളും അവയുടെ നടപടിക്രമങ്ങളിലെ പൊരുത്തക്കേടും ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പദ്ധതിയുടെ പേര് | അണ്ടൂർക്കോണം സാമൂഹികാരോഗ്യകേന്ദ്രത്തിലെ പാരാമെഡിക്കൽ സ്റ്റാഫുകളുടെ വേതനം |
| പദ്ധതി നമ്പർ | 18/23 |
| പദ്ധതി അടങ്കൽ | 429620 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 429620 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, അണ്ടൂർക്കോണം പി.എച്ച്.സി |

മേൽ പ്രോജക്ടിന്റെ ഭാഗമായി ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ച ചുവടെ പറയുന്ന ലബോറട്ടറി ടെക്നീഷ്യൻമാർക്ക് പ്രതിദിനം 600 രൂപ നിരക്കിൽ 2022-23 ൽ ആകെ 429620 രൂപ വേതനം അനുവദിച്ചിരിക്കുന്നു.

1. ശ്രീമതി അൻസി.എൽ ന് 01.04.22 മുതൽ 31.03.23 വരെയും

2. ശ്രീമതി അൻസി.ജെ.എ ന് 01.04.22 മുതൽ 31.07.22 വരെയും

3. ശ്രീമതി ഹന്നത്ത്.ആർ ന് 01.08.22 മുതൽ 31.03.23 വരെയും വേതനം അനുവദിച്ചിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 04.07.22 ലെ 2/6 നം. തീരുമാനപ്രകാരം രണ്ട് ലാബ് ടെക്നീഷ്യൻമാർക്ക് 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ 600 രൂപ ദിവസവേതന നിരക്കിൽ നിയമനം നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് മെഡിക്കൽ ആഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സ.ഉ.(കൈ)നം.115/2022 /തസ്വഭവ, തീയതി 28.05.22 സബ്സിഡി മാർഗ്ഗരേഖ ഖ. 7.6.1 പ്രകാരം ലാബ് ടെക്നീഷ്യനെ കരാറടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും എത്ര പേരെ നിയമിക്കാമെന്ന് പരാമർശിച്ചിട്ടില്ല. ആയതിനാൽ ഒരേ സമയം ഒരു തസ്തികയിൽ 2 പേരെ നിയമിച്ചതിനുള്ള കാരണം വ്യക്തമാക്കുന്നതിനും അവർക്ക് പ്രോജക്ട് മുഖേന 600 രൂപ നിരക്കിൽ വേതനം നൽകിയതിനാധാരമായ സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം.41/14.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

2.

| | |
|---|---|
| പദ്ധതിയുടെ പേര് | പുത്തൻതോപ്പ് സി.എച്ച്.സി പാരാമെഡിക്കൽ സ്റ്റാഫ് വേതനം |
| പദ്ധതി നമ്പർ | 23/23 |
| പദ്ധതി അടങ്കൽ | 468000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 461400 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പുത്തൻതോപ്പ് സി.എച്ച്.സി |

എ) മേൽ പ്രോജക്ടിന്റെ ഭാഗമായി താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ഒരു ലബോറട്ടറി ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നിവർക്ക് പ്രതിദിനം 640 രൂപ നിരക്കിൽ വേതനം അനുവദിച്ചിരിക്കുന്നു. ആകെ 461400 രൂപയാണ് 2022-23 ൽ വേതന ഇനത്തിൽ അനുവദിച്ചിട്ടുള്ളത്. പുത്തൻതോപ്പ് മെഡിക്കൽ ഓഫീസറുടെ 31.03.22 ലെ ഉത്തരവ് നം.ബി/223/2022 നം. പ്രകാരമാണ് ശ്രീമതി സഫീല.എ.എൻ എന്നയാളിനെ ഫാർമസിസ്റ്റായും ശ്രീമതി സുമയ്യ.എസ്.അൻവർ എന്നയാളിനെ ലാബ് ടെക്നീഷ്യനായും നിയമിച്ചിട്ടുള്ളത്. 22.02.22 ലെ എച്ച്.എം.സി മീറ്റിംഗ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്. പ്രസ്തുത ജീവനക്കാരുടെ നിയമനം/അനുവദിച്ച വേതനം എന്നിവ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 04.07.22 ലെ 2/6 നം. തീരുമാനപ്രകാരം അണ്ടൂർക്കോണം സി.എച്ച്.സിയിലെ പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ 600 രൂപ നിരക്കിൽ ദിവസവേതനം നൽകുന്നതിന് തീരുമാനിച്ചിരുന്നതിന്റെ അതേ കാലയളവിൽ പുത്തൻതോപ്പ് സി.എച്ച്.സിയിൽ നിയമിച്ച പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് പ്രോജക്ട് മുഖേന 640 രൂപ നിരക്കിൽ വേതനം നൽകിയതിനുള്ള കാരണം വ്യക്തമാക്കുന്നതിനും വേതനം നൽകിയതിനാധാരമായ സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം.40/14.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി നൽകേണ്ടതും 2022-23 വർഷം പഞ്ചായത്ത് നടപ്പാക്കിയ 2 പ്രോജക്ടുകൾ മുഖേന ഒരേ കാലയളവിൽ സമാന തസ്തികകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് വ്യത്യസ്ത രീതിയിൽ വേതന നിരക്ക് നിശ്ചയിച്ചതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

### 1-35 കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ലാബ് റീഏജന്റ്സ് വാങ്ങിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പുത്തൻതോപ്പ് സി.എച്ച്.സി ലാബ് റീഏജന്റ്സ് വാങ്ങൽ |
| പദ്ധതി നമ്പർ | 20/23 |

| | |
|---|---|
| പദ്ധതി അടങ്കൽ | 300000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 299813 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പുത്തൻതോപ്പ് സി.എച്ച്.സി |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി 299813 രൂപയുടെ ലാബ് റീഏജന്റ്സ് ക്വട്ടേഷൻ മുഖേന വിവിധ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്. ലഭ്യമാക്കിയ ക്വട്ടേഷനുകൾ പ്രകാരം HBSAg Card Test (1T) ന് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്തത് DR Laboratory Suppliers (5.57 രൂപ/1T) ഉം രണ്ടാമതായി കുറഞ്ഞ തുക ക്വാട്ട് ചെയ്തത് SR Diagnostics (6.35 രൂപ/1T) ഉം ആണ്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പർച്ചേസ് ചെയ്യാതെ 7.20 രൂപ/1T ക്വാട്ട് ചെയ്ത ABC Diagnostics ൽ നിന്നും ആകെ 410 T Card പർച്ചേസ് ചെയ്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ വിവിധ പർച്ചേസ് ബില്ലുകൾ പരിശോധിച്ചതിൽ 7.43 രൂപ നിരക്കിലാണ് ABC Diagnostics മേൽ റീഏജന്റ് ലഭ്യമാക്കിയിട്ടുള്ളതെന്ന് കാണുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 40/14.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും പർച്ചേസ് നടത്താത്തതിന് വിശദീകരണം നൽകേണ്ടതും ക്വട്ടേഷൻ തുകയിൽ നിന്നും അധികരിച്ച് തുക അനുവദിച്ചത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-36 പുത്തൻതോപ്പ് സി.എച്ച്.സി - 128220 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പുത്തൻതോപ്പ് സി.എച്ച്.സി മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 138/22 |
| പദ്ധതി അടങ്കൽ | 341109 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 341102 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പുത്തൻതോപ്പ് സി.എച്ച്.സി |
| ബിൽ നം./തീയതി | 354/28.03.22 |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി മരുന്ന് പർച്ചേസിനായി 25.03.23 ലെ PRF5758 നം. പ്രൊഫോർമ ഇൻവോയിസ് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ആകെ 341102 രൂപ അനുവദിച്ചതിൽ പല തവണകളായി 212882 രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. 128220 രൂപയുടെ മരുന്ന് ഇനിയും ലഭിച്ചിട്ടില്ല. മരുന്ന് നാളിതുവരെ പൂർണമായും ലഭ്യമാക്കാത്തതിനുള്ള കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.30/13.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന തുകയുടെ മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 പുത്തൻതോപ്പ് സിഎച്ച്സി ദൈനംദിന ചെലവുകൾ - രേഖകൾ ലഭ്യമാക്കിയില്ല - 32047 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | പുത്തൻതോപ്പ് സിഎച്ച്സി ദൈനംദിന ചെലവുകൾ |
| പദ്ധതി നമ്പർ | 24/23 |
| പദ്ധതി അടങ്കൽ | 500000 (മെയിന്റനൻസ് ഫണ്ട് നോൺറോഡ്) |
| പദ്ധതി ചെലവ് | 499980 (മെയിന്റനൻസ് ഫണ്ട് നോൺറോഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, |

| | പുത്തൻതോപ്പ് സി.എച്ച്.സി |
|---|---|

മേൽ പ്രോജക്ടിന്റെ ഭാഗമായി ചെലവഴിച്ച തുകകളുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ട്രഷറി ബിൽ നം. 17/12.12.22 പ്രകാരം 32047 രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ ചെലവിനെ സാധൂകരിക്കുന്ന കെ.എസ്.ഇ.ബി ബില്ലുകളോ അനുബന്ധ രേഖകളോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ട്രഷറി ബിൽ നം. 31/04.03.23 പ്രകാരം 73479 രൂപ മെഡിക്കൽ ഓഫീസറുടെ പേരിൽ അനുവദിച്ചിട്ടുണ്ട്. വിവിധ ചെലവുകളുമായി ബന്ധപ്പെട്ടാണ് മേൽ തുക അനുവദിച്ചിട്ടുള്ളത്. അതിൽ സബ് വൗച്ചർ നം. 174/08.10.22 പ്രകാരം വാട്ടർ ചാർജ്ജിനത്തിൽ 117 രൂപ അനുവദിച്ചതും കൂടാതെ ട്രഷറി ബിൽ നം. 7/3.11.22 പ്രകാരം ചെലവഴിച്ച 280849 രൂപയിൽ ഉൾപ്പെട്ട സബ് വൗച്ചർ നം.78 പ്രകാരം വാട്ടർ ചാർജ്ജിനത്തിൽ 104 രൂപ അനുവദിച്ചതും ഒരേ കൺസ്യൂമർ നം. ലുള്ള കണക്ഷനു വേണ്ടിയാണ് (കൺസ്യൂമർ നം.2172126240). എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ബന്ധപ്പെട്ട ബില്ലുകൾ പരിശോധിച്ചതിൽ കണക്ഷൻ മെഡിക്കൽ ഓഫീസർ-ഇൻ-ചാർജ്ജിന്റെ പേരിലാണെങ്കിലും കൺസ്യൂമർ വിഭാഗം Domestic എന്നാണ് ഉള്ളത്. കൂടാതെ റീഡിംഗിന്റെ ഭാഗത്ത് മീറ്ററില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത വാട്ടർ കണക്ഷന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും കൺസ്യൂമർ വിഭാഗം Domestic എന്നുള്ളത് മാറ്റി Non-Domestic ആക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ വാട്ടർ മീറ്റർ ഇല്ലാത്തത് സംബന്ധിച്ച് പരിശോധന നടത്തി ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 45/14.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 32047 രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ടി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതും ക്രമ നം. 2 പ്രകാരമുള്ള വിഷയത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സ്ഥാപനം ലഭ്യമാക്കിയ പ്രൊഫോർമ പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2022-23 | 0 | 3025000 | പി.എം.എ.വൈ(ജനറൽ) | 3025000 | 0 |
| | | 0 | 1100000 | പി.എം.എ.വൈ(ജനറൽ) | 1100000 | 0 |
| | | 0 | 70000 | പി.എം.എ.വൈ(ജനറൽ) | 70000 | 0 |
| | | 0 | 2330000 | പി.എം.എ.വൈ(ജനറൽ) | 2330000 | 0 |
| **ആകെ** | | **0** | **6525000** | | **6525000** | **0** |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 6/23-ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പൈപ്പ്ലൈൻ എക്സ്റ്റെൻഷൻ | 2545060 | - | 2545060 |
| | 26/23 – ചിറ്റിക്കര കടിവെള്ള പദ്ധതി മൂന്നാംഘട്ടം | 1041503 | - | 1041503 |
| | ആകെ | 3586563 | | 3586563 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | 2021-22 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | ആകെ | 2022-23 ൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2022-23 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 8627397 | 3586563 | 12213960 | 295169 | 11918791 * | 7198102 |

* വാട്ടർ അതോറിറ്റിയ്ക്ക് അനുവദിക്കുന്ന ഡെപ്പോസിറ്റ് തുക അക്കൗണ്ട് ചെയ്യുന്നതിലെ അപാകതകൾ ഖ.1-1-18 ൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

തുക തിരിച്ചടയ്ക്കാനില്ല. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ലോൺ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ഖ.1-1-14 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 31545848 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 90766407 |
| ആകെ വരവ് | 122312255 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 99105940 |
| നീക്കിയിരിപ്പ് | 23206315 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1219915.00 |

(ബി) പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 90,000 | ശ്രീമതി.ഷൈനി ജി., ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 1-26 | 97868 | ശ്രീമതി. രാധാമണി കെ.എൻ ,അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-30 | 10,00,000 | ശ്രീമതി. അർച്ചന എ.ആർ., സി.ഡി.പി.ഒ |
| 1-37 | 32047 | ഡോ.അച്ചാമ്മ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പുത്തൻതോപ്പ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി. ഷൈനി ജി. ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | കോർപ്പറേഷൻ ഓഫീസ്, തിരുവനന്തപുരം | നീലാഞ്ജനം, ഗൗരി നഗർ, മുക്കോലയ്ക്കൽ, തിരുവനന്തപുരം |
| 2 | ശ്രീമതി. രാധാമണി കെ.എൻ ,അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, പോത്തൻകോട് ബ്ളോക്ക് പഞ്ചായത്ത് | കാർത്തിക, കരിയം, പൗഡിക്കോണം, തിരുവനന്തപുരം |
| 3 | ശ്രീമതി. അർച്ചന എ.ആർ., സി.ഡി.പി.ഒ | ഐ.സി.ഡി.എസ്. ഓഫീസ്, ചൊവ്വന്നൂർ, | ലഭ്യമല്ല. |

| | | | |
|---|---|---|---|
| | | ചൊവ്വന്നൂർ ബ്ളോക്ക് ഓഫീസ് കോംപൗണ്ട്, തൃശ്ശൂർ | |
| 4 | ഡോ.അച്ചാമ്മ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പുത്തൻതോപ്പ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പുത്തൻതോപ്പ് | എ.എസ്.നഗർ, TC24/1824, തൈക്കാട് പി.ഒ, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 1 |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 1 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 2 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 2 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 5 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 1 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 3 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 5 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1860/2019 തീയതി 17.10.2019 | 27 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ബി.പി/153/2022 തീയതി 18.03.2022 | 30 |
| 2020-21 | നം.കെ.എസ്.എ.റ്റി.വി.എം/ബി.പി/847/2022 തീയതി 17.06.22 | 36 |
| 2021-22 | നം.കെ.എസ്.എ.റ്റി.വി.എം/ബി.പി/427/2023 തീയതി 29.03.23 | 37 |

**ജോയിന്റ് ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**തിരുവനന്തപുരം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 05-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Pothencode Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pothencode Block Panchayat for the year 2022-2023

**Date: 26/12/2023**

**Joint Director**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Pothencode Block Panchayat for the Year 2022-2023 .

**1.Major Observations**

1. Union Bank of India account (no. 336502010083403) with Rs. 278/- as closing balance and IOB account (no. 216201000012185) with Rs. 34774/- as closing balance are not included in the Annual Financial Statement.

**2.Other Observations**

1. Mandatory financial statements are not submitted. eg. The financial ratios, notes to accounts are not submitted with the annual financial statement.
2. Cash flow statement-Net increase/decrease in cashflow (8800611/-) does not match with the difference between the opening balance and closing balance of cash and cash equivalents (7816357/-).
3. The valuation of stock and stores are not done at the end of the financial year. B-14 Stock in hand schedule is not included in the Annual Financial Statement.

4. Non disclosure of expense due-Expenses due such as salary for march, honorarium for members, fuel expenses due in the current fincancial year are not included in balance sheet as provision of expense due (B-9).

5. Bank reconciliation statements of bank/treasury accounts included in the Annual Financial Statements are not submitted for verification.

6. A payment of Rs.5350/- is recorded in AFS against the Treasury Account - COVID with 0 opening balance and no transactions in the respective bank account.

7. No receipt entry for the cheque received. eg. 11 cheques of total amount of Rs. 392935/- received in respect of rent are not taken as receipts.

8. Balance of the following fund in the B-4 schedule does not match with the respective bank account balances.

| Item | Bank Account Details | Balance as per RP-40(b) | Balance as per B-4 |
|---|---|---|---|
| Centrally Sponsored Scheme-Indira Awas Yojana (IAY) - General | PMAY Bank of Baroda 5205<br>IOB-IAY4545 | 8250073 (7462688 + 787385) | 7462688 |

9. The amount of Rs. 1057177/- given as part bill for capital work as per the statement given by Assistant Engineer is not included in Capital Work in Progress Schedule [B-11(a)].

10. Lack of supporting documents for journal vouchers-Journal vouchers are not recorded with supporting documents. eg: The following amounts included as liability in the 2021-22 balance sheet B-4 schedule are adjusted with journal vouchers in 2022-23 and supporting documents are not submitted.

| Sl No. | As per 2021-22 balance sheet B-4 Schedule | | The adjusted head No. in the 2022-23 AFS/Item |
|---|---|---|---|
| | Head No./Item | Amount | |
| 1 | 320100118-Centrally Sponsored Scheme-Integrated Watershed Management (IWMP) - General | 25902 | 160100799-Other Revenie Grants |
| 2 | 320200102-Develpoment Fund âÂ Special Component Plan-Capital | 6992400 | 160100609-Indira Awas Yojana (IAY) -Special Component Plan |
| 3 | 320200301 - Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored scheme | 369 | 180800199-Miscellaneous Receipts |
| 4 | 320200322-Grants from Suchithwa Mission | 9995 | 160100613- Total Sanitation Campaign (TSC) |
| 5 | 320200323-Grant for Keralolsavam | 1905 | 160100699- Other Schemes |
| 6 | 320300199-Grants, Funds & Contributions for Specific Purposes - Other Government Agencies | 25000 | 160100699- Other Schemes |
| 7 | 350200301-Recoveries Payable - COVID | 23750 | 160100901-Donations Related to Pandemic/Epidemic Control |

11. Deposit register is not maintained and not submitted for audit. Hence the authenticity of the amounts in balance sheet cannot be verified.

12. Advance register is not updated, hence not reliable for audit.

13. IAY loan closed in 2021-22 financial year. But an amount of Rs.1024280 /- is included as liability in the

2022-23 balance sheet.
14. Misclassification of payment voucher. eg. an amount of Rs.1000000/- in respect of project expences is wrongly entered in the head of Investment-Equity Shares.
15. Misclassification of receipt voucher. eg. An amount of 24/- collected in respect of service charge is wrongly entered in the Penalties and Fines â Other Penalties head.
16. Amount of Rs.295147/- used for asset creation (construction of take a break) using CFC Tide grant fund is not transfered to Capital Contribution.
17. Misclassification of payment voucher. The amounts deposited with KWA are not included in the RP-47 Deposit head (P) and also in the B-18 schedule.
18. MGNREGS Administrative Expences- the payment head is not included in the Annual Financial Statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്